KOZHIKODE

| Jan 07, Sat | Jan 08, Sun | Jan 09, Mon |
|---|---|---|
| RISE 06 48 SET 18 18 | RISE 06 48 SET 18 19 | RISE 06 49 SET 18 19 |
| RISE 13 36 SET 01 23 | RISE 14 27 SET 02 20 | RISE 15 23 SET 03 19 |

Thrissur Maximum 34 Minimum 23 Palakkad

**Kozhikode Today 35°C**

The morning will be comfortable. The sky will be partly cloudy with a warm day. A pleasant night is likely.

# Greens bat for Edakkal Caves

## They also seek UNESCO World Heritage status for the caves

E.M. MANOJ

**KALPETTA:** Greens in the district prepare to resume a series of agitations after three decades demanding declaration of Edakkal Caves as a national monument to conserve the centuries-old petroglyphs on the walls of the caves.

They also want to expedite measures to secure the UNESCO World Heritage status for the monument.

"When the State Archaeology Department had declared the rock art site as a protected monument on July 4,1985, the site was facing threat from nearly seven granite quarries in the area," Thomas Ambalavayal, convenor, Edakkal Caves Protection Committee,told *The Hindu*. A series of agitations launched under the aegis of the organisation and Wayanad Prakruthi Samrakshana Samithi (WPSS) in 1986 put an end to the granite quarrying," he said.

**Neglect and ruin**

"But the site is still facing neglect and ruin owing to the alleged negligence of the Archaeology Department. Though the site has been declared as a protected area, the tourism activities are managed by the Edakkal Tourism Destination Management Council under the District Tourism Promotion Council(DTPC)," WPSS president N. Badusha said.

"However, the DTPC has focused only on increasing the income from the site, instead of implementing conservation measures after a comprehensive study. Unrestricted entry of visitors without assessing the carrying capacity of the fragile rock site has raised concern," Mr. Thomas said.

The State Archaeology Department had appointed an officer to monitor the day-to-day activities at the monument in 2009, but the post has remained vacant after the officer was transferred.

Though former Minister for Cultural Affairs K.C. Joseph had announced that all steps would be taken to secure the UNESCO World Heritage status for the monument and Rs.50 lakh was set aside for the purpose, the department had yet to initiate any positive measures for the purpose.

Environmentalists would gather on Saturday noon at Ambalavayal to commemorate the 30th anniversary of their agitation Mr. Badusha said. M.G.S. Narayanan, formal chairman, Indian Council of Historical Research, will inaugurate a history seminar to be held in connection with the gathering at 10 a.m. on Sunday.

2 2017 ജനുവരി 9 തിങ്കൾ
ജന്മഭൂമി WYD - KKD

# എടക്കൽ സംരക്ഷണം: മൂന്ന് പതിറ്റാണ്ട് മുമ്പ് നടന്നത് കാലം ഓർത്തുവയ്ക്കേണ്ട പോരാട്ടം

**കൽപ്പറ്റ:** എടക്കൽ ഗുഹ സംരക്ഷണത്തിനുവേണ്ടി മൂന്നു പതിറ്റാണ്ടുമുമ്പ് വയനാട് പ്രകൃതി സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ നടന്നത് കാലം ഓർത്തുവയ്ക്കേണ്ട പോരാട്ടമാണെന്ന് എം.പി. വിരേന്ദ്രകുമാർ എംപി. എടക്കൽ ഗുഹ സംരക്ഷണ സമരത്തിന്റെ മുപ്പതാം വാർഷികാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച പ്രക്ഷോഭകാരികളുടെ ഒത്തുചേരൽ ഉദ്ഘാടനം ചെയ്യാമെന്ന് ഏറ്റിരുന്ന അദ്ദേഹം അതിനു കഴിയാത്ത സാഹചര്യത്തിൽ അയച്ച സന്ദേശത്തിലാണ് ഇങ്ങനെ പറഞ്ഞത്. എടക്കലിലെ പാറച്ചുവരുകളിൽ നൂറ്റാണ്ടുകൾ മുമ്പ് ആലേഖിതമായ ചിത്രങ്ങൾ കേരളത്തിലെയെന്നല്ല, ലോകത്തെങ്ങുമുള്ള ശിലാചിത്രങ്ങളേക്കാൾ സമ്പന്നമാണെന്ന ചരിത്രകാരന്മാരുടെ വിലയിരുത്തൽ ആധികാരികമാണ്. എടക്കൽ ഗുഹയെ കരിങ്കൽ ഗുഹ മാത്രമായാണ് പലരും കണ്ടിരുന്നത്. ഇവരിൽനിന്നാണ് ഗുഹയെ ഇന്നത്തെ നിലയിലെങ്കിലും സംരക്ഷിക്കാൻ കഴിഞ്ഞത്. ചരിത്രപ്രാധാന്യമുള്ള ഈ ദൗത്യത്തിനായി പോരാടിയവർ നിരവധിയാണ്. ഇവർക്കുമുന്നിൽ താൻ തലകുനിക്കുന്നു. എടക്കൽ ഗുഹ സംരക്ഷിക്കാൻ എല്ലാ തലങ്ങളിലുമുള്ള ജനങ്ങളും മുന്നിട്ടിറങ്ങണമെന്ന് 1980കളിൽ ജനതാപാർട്ടി സംസ്ഥാന സെക്രട്ടറിയായിരുന്ന താൻ ആവശ്യപ്പെട്ടിരുന്നു.

വയനാട്ടിലെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജസ്വലമായി തുടരേണ്ടത് വെല്ലുവിളികൾ നിറഞ്ഞ ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ദശകങ്ങൾക്ക് മുമ്പുള്ള വയനാടല്ല ഇന്നുള്ളത്. അടിസ്ഥാനപരമായിത്തന്നെ പലതും മാറ്റിമറിക്കപ്പെട്ടു. പ്രകൃതിയുടെമേൽ വന്യമായ കടന്നാക്രമണം തുടരുകയാണ്. പഴയ വയനാടിനെ തിരിച്ചുപിടിക്കാൻ നിസ്വാർഥവും സുസംഘടിതവുമായ കഠിന പ്രയത്നം ആവശ്യമാണ് -സന്ദേശത്തിൽ പറയുന്നു.

# പ്രക്ഷോഭത്തിൽ പങ്കെടുത്തവർ അമ്പലവയലിൽ സമ്മേളിച്ചു

**കൽപ്പറ്റ:** വയനാട് പ്രകൃതി സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ 1986ൽ നടന്ന എടക്കൽ ഗുഹ സംരക്ഷണ പ്രക്ഷോഭത്തിൽ പങ്കാളികളായവർ ഇന്നലെ അമ്പലവയൽ മൗണ്ട് അവന്യൂവിൽ ഒത്തുകൂടി. പ്രക്ഷോഭത്തിന്റെ മുപ്പതാം വാർഷികാചരണത്തിന്റെ ഭാഗമായാണ് ഒത്തുചേരൽ സംഘടിപ്പിച്ചത്. കർഷക മോർച്ച അഖിലേന്ത്യ സെക്രട്ടറി പി.സി. മോഹനൻ ഉദ്ഘാടനം ചെയ്തു. വയനാട് ഡയറ്റ് മുൻ പ്രിൻസിപ്പൽ ഡോ. പി. ലക്ഷ്മണൻ അധ്യക്ഷത വഹിച്ചു. കെ.ജെ. ദേവസ്യ, സി.വി. ജോയി, ഡോ. അമ്പി ചിറയിൽ, കോണിക്കൽ ഖാദർ, എൻ. ബാദുഷ, തോമസ് അമ്പലവയൽ എന്നിവർ പ്രസംഗിച്ചു. ബാബു മൈലമ്പാടി സ്വാഗതവും പി.യു. ജോയി നന്ദിയും പറഞ്ഞു. വാർഷികാചരണത്തിന്റെ ഭാഗമായ ചരിത്ര സെമിനാർ രാവിലെ 10ന് തുടങ്ങും. പ്രഫ. എം,ജി.എസ് നാരായണൻ ഉദ്ഘാടനം ചെയ്തു. എടക്കൽ പൈതൃകം, എടക്കൽ ഗുഹാചിത്രങ്ങളും വ്യാഖ്യാനങ്ങളും, വയനാട്ടിലെ ജൈന സംസ്കൃതി എന്നീ വിഷയങ്ങളിൽ യഥാക്രമം ഡോ.എം.ആർ. രാഘവവാര്യർ, ഡോ. രാജൻ ഗുരുക്കൾ, ശ്രീജിത്ത് എന്നിവർ പ്രബന്ധം അവതരിപ്പിച്ചു. ഉച്ചകഴിഞ്ഞ് വയനാടിന്റെ പൈതൃക സംരക്ഷണ ചിന്ത എന്ന വിഷയത്തിൽ ചർച്ചയും തുടർന്ന് എടക്കൽ ദ റോക് മാജിക് എന്ന പേരിൽ പി.ടി. സന്തോഷ്കുമാർ സംവിധാനം ചെയ്ത ഡോക്യുമെന്ററിയുടെ പ്രദർശനവും ഉണ്ടായി.



എടക്കൽ ഗുഹ സംരക്ഷണ സമരത്തിന്റെ മുപ്പതാം വാർഷികാചരണത്തിന്റെ ഭാഗമായി നടന്ന പ്രക്ഷോഭകാരികളുടെ ഒത്തുചേരൽ കർഷക മോർച്ച അഖിലേന്ത്യ സെക്രട്ടറി പി.സി. മോഹനൻ ഉദ്ഘാടനം ചെയ്യുന്നു

ദേശാഭിമാനി KKD 2017 ജനുവരി 9 തിങ്കൾ 8

# എടക്കൽ ഗുഹക്ക് സൈന്ധവ നാഗരികതയുമായി ബന്ധം: എം ആർ രാഘവ വാര്യർ

**അമ്പലവയൽ** > എടക്കൽ ഗുഹയിലെ വരകൾക്കും ചിഹ്നങ്ങൾക്കും സൈന്ധവ നാഗരികതയുമായി ബന്ധമുണ്ടെന്ന് പ്രശസ്ത ചരിത്രകാരൻ പ്രൊഫ. എം ആർ രാഘവ വാര്യർ പറഞ്ഞു. വലിയ വൈജ്ഞാനിക സമ്പത്താണ് ഇവിടെയുള്ളതെന്നും സംരക്ഷണവും പൈതൃക പദവിയും അത്യന്താപേക്ഷിതമാണെന്നും അദ്ദേഹം പറഞ്ഞു. മോഹൻജദാരോവിലും ഹാരപ്പയിലും കണ്ടെത്തിയ ലിപികളോട് സാദൃശ്യമുള്ള പന്ത്രണ്ടോളം ചിഹ്നങ്ങൾ ഇവിടെയും കണ്ടെത്തിയിട്ടുണ്ട്. ഈ വിവരം പ്രശസ്ത ചരിത്രകാരി റോമില ഥാപ്പറോട് പറഞ്ഞപ്പോൾ അവരെയും ഈ സാമ്യം അത്ഭുതപ്പെടുത്തി. അന്വേഷണം ഉടനെ നടക്കണമെന്നും അവർ ആവശ്യപ്പെട്ടു. എടക്കൽ ഗുഹാ സംരക്ഷണ സമരത്തിന്റെ മുപ്പതാം വാർഷിക അനുസ്മരണ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. എടക്കൽ ഗുഹയുമായി ബന്ധപ്പെട്ട് നാലോ അഞ്ചോ പഠനങ്ങൾ മാത്രമാണ് ഇതുവരെ ഇറങ്ങിയിട്ടുള്ളത്. ലോകത്തിന്റെ ചരിത്ര പഠനത്തിന് ഒഴിച്ചു കൂടാൻ പറ്റാത്ത ഇടമാണ് എടക്കൽ. അധികൃതർക്ക് ഇനിയും ഇതിന്റെ പ്രാധാന്യം മനസ്സിലായിട്ടില്ല. ഗുഹ നശിച്ചാൽ ചരിത്രത്തോട് ചെയ്യുന്ന ഏറ്റവും വലിയ ദ്രോഹമായിരിക്കും അത്. വരും തലമുറ ഇവയുടെ സംരക്ഷണം ഏറ്റെടുക്കാൻ തയ്യാറാവണം. ലോകത്തിന്റെ ചരിത്രത്തെ കുറിച്ച് പഠിക്കാനുള്ള ഒരുപാട് വിഭവങ്ങൾ ഗുഹയിലുണ്ട്. ഓരോ പരിശോധനയിലും പുതിയ പുതിയ കാര്യങ്ങളാണ് കണ്ടെത്താൻ കഴിയുന്നത്. ശിലാ ചിത്രങ്ങൾ നിരവധിയുണ്ട്. എടക്കലിലേത് ഇവയിൽനിന്നും വ്യത്യസ്തമാണ്.




► അമ്പലവയലിൽ നടന്ന ചരിത്രസെമിനാറിൽ പ്രൊഫ. എം ആർ രാഘവവാര്യർ സംസാരിക്കുന്നു

മനുഷ്യകുലത്തിന്റെ മുഴുവൻ ശ്രദ്ധ പതിയേണ്ട സ്ഥലമാണിത്. ഗുഹയിലെ വണ്ടികളുടെയും ചക്രങ്ങളുടെയും ചിത്രങ്ങൾ ദക്ഷിണേന്ത്യയിൽ എപ്പോഴാണ് വാഹനങ്ങൾ എത്തിയതെന്ന ചിന്ത രൂപപ്പെടുത്തും. കാലനിർണയത്തിലേക്കുള്ള സൂചനകൾ ഇവ തരും. വാഹനത്തിന്റെ കണ്ടെത്തൽ കാലനിർണയത്തിൽ ഒരു നാഴികകല്ലാണ്. നവീന ശിലായുഗത്തിലേതെന്നാണ് ഗുഹയുടെ ആദ്യ ചരിത്രകാരൻ ഫോസറ്റിന്റെ അഭിപ്രായം. കേസരി ബാലകൃഷ്ണ പിള്ളയുടെ വാദം തെറ്റാണ്. 8000 വർഷം പഴക്കമുള്ളതാണെന്നാണ് കേസരിയുടെ അഭിപ്രായം. സംഘകൃതികളിൽപെട്ട അകനാനൂറിലും പുറനാനൂറിലും പരാമർശിക്കുന്ന വാഹനങ്ങളുമായി ഇവയ്ക്ക് സാമ്യമുണ്ട്. ഇവിടെ കാണുന്ന പല കോലങ്ങൾക്കും കുറുമ്പ്രനാട്ടിലെയും കോലത്തുനാട്ടിലെയും കോലങ്ങളുമായും സാമ്യമുണ്ടെന്നും രാഘവ വാര്യർ പറഞ്ഞു. യോഗം ചരിത്രകാരൻ എംജിഎസ് നാരായണൻ ഉദ്ഘാടനം ചെയ്തു. എൻ ബാദുഷ ആമുഖമായി സംസാരിച്ചു. ആർക്കിയോളജിസ്റ്റ് കെ കെ മുമ്മദ് കോർഡിനേറ്ററായി. ഡോ. വിജയലക്ഷ്മി സംസാരിച്ചു. എം ഗംഗാധരൻ സ്വാഗതം പറഞ്ഞു.

2017 ജനുവരി 9 • തിങ്കളാഴ്ച മാതൃഭൂമി
www.mathrubhumi.com/localnews

# എടക്കൽ ഗുഹാചിത്രങ്ങളുടെ പ്രാധാന്യം ലോകത്തിന് മനസ്സിലായിട്ടില്ലെന്ന് എം.ജി.എസ്.


എടക്കൽ പൈതൃകം സെമിനാറിൽ എം.ജി.എസ്. നാരായണൻ സംസാരിക്കുന്നു. ഡോ.എം.ആർ. രാഘവവാര്യർ, കെ.കെ. മുഹമ്മദ്, എം. വിജയലക്ഷ്മി തുടങ്ങിയവർ സമീപം

**കല്പറ്റ:** എടക്കലിലെ പാറച്ചിത്രങ്ങളുടെ ചരിത്രപ്രാധാന്യം ലോകം മനസ്സിലാക്കിയിട്ടില്ലെന്ന് പ്രൊഫ. എം.ജി.എസ്. നാരായണൻ പറഞ്ഞു. എടക്കൽ ഗുഹ സംരക്ഷണ പ്രക്ഷോഭത്തിന്റെ മുപ്പതാം വാർഷികാചരണത്തിന്റെ ഭാഗമായി വയനാട് പ്രകൃതി സംരക്ഷണ സമിതി 'എടക്കൽ പൈതൃകം: സംരക്ഷണ ചരിത്രം' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ലോകത്തെ പ്രാചീന റോക് ഷെൽട്ടറുകളിൽ ഒന്നാണ് എടക്കലിലേത്. മറ്റു സ്ഥലങ്ങളിലെ ഗുഹാചിത്രങ്ങളിൽ ഏറെയും യാഥാർഥ്യബോധത്തോടെ കൊത്തിയതാണ്. എടക്കലിലെ പാറച്ചിത്രങ്ങളിൽ മനുഷ്യ, മൃഗരൂപങ്ങളും അതേപടി ചിത്രീകരിച്ചിട്ടില്ല. ശൈലീകൃത രൂപങ്ങളാണ് ഇവിടെയുള്ളത്. എടക്കലിലെ ചിത്രങ്ങൾ നവീന ശിലായുഗത്തിൽ വരച്ചതാണെന്ന് തീർത്തുപറയാനാകില്ല. നവീനശിലായുഗത്തിൽ ഉപയോഗത്തിലുണ്ടായിരുന്ന കല്ലുളികൾകൊണ്ട് പാറയിൽ ഇത്ര ആഴത്തിൽ ചിത്രങ്ങൾ വരച്ചുവെന്നത് സംശയങ്ങൾക്ക് ഇട നൽകുന്നതാണ്.

അമ്പുകുത്തി മലനിരകളിൽ കരിങ്കൽ ഖനനം തുടർന്നിരുന്നുവെങ്കിൽ എടക്കൽ റോക് ഷെൽട്ടറും അതിലെ ചരിത്രപ്രാധാന്യമുള്ള ലിഖിതങ്ങളും കഥാവശേഷമാകുമായിരുന്നു. മൂന്ന് പതിറ്റാണ്ടുമുമ്പ് നടന്ന എടക്കൽ ഗുഹ സംരക്ഷണ പ്രവർത്തനങ്ങളുടെ മുഖ്യശത്രുക്കൾ അന്നത്തെ മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ വലംകയ്യായിയുന്ന മറ്റൊരാളുമായിരുന്നു. റോക് ഷെൽട്ടറിന്റെ സംരക്ഷണത്തിനല്ല, ക്വാറി തൊഴിലാളികളുടെയും അവരെ നിയന്ത്രിക്കുന്ന രാഷ്ട്രീയ നേതാക്കളുടെയും താത്പര്യങ്ങൾക്കാണ് മുഖ്യമന്ത്രിയും അദ്ദേഹത്തിന് ഒപ്പമുണ്ടായിരുന്നവരും പ്രാധാന്യം നൽകിയത്. പിന്നീട് കാലിക്കറ്റ് സർവകലാശാലയിലെ ചരിത്രവിഭാഗം ഡൽഹിയിൽ പ്രധാനമന്ത്രിയുടെ കാര്യാലയത്തിൽ ചെലുത്തിയ സമ്മർദമാണ് എടക്കലിൽ കൽമടകളുടെ പ്രവർത്തനത്തിനു താത്കാലികമായി തടയിടാൻ ഉതകിയത്. കരിങ്കൽ ഖനനംമൂലം എടക്കൽ റോക് ഷെൽട്ടറിന്റെ നിലനില്പുതന്നെ അപകടത്തിലായ ഘട്ടത്തിലാണ് സംസ്ഥാന സർക്കാരിന്റെയും പ്രമുഖ രാഷ്ട്രീയ പാർട്ടികളുടെയും താത്പര്യത്തിനു വിരുദ്ധമായി കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ഉണ്ടായതെന്നും അദ്ദേഹം പറഞ്ഞു.

വയനാട് പ്രകൃതി സംരക്ഷണ സമിതി പ്രസിഡന്റ് എൻ. ബാദുഷ ആമുഖപ്രഭാഷണം നടത്തി. ഡോ. എം.ആർ. രാഘവവാര്യർ, എം. വിജയലക്ഷ്മി എന്നിവർ യഥാക്രമം എടക്കൽ പൈതൃകം, എടക്കൽ ഗുഹാചിത്രങ്ങളും വ്യാഖ്യാനങ്ങളും എന്നീ വിഷയങ്ങൾ അവതരിപ്പിച്ചു. ആർക്കിയോളജി വകുപ്പ് മുൻ ഡയറക്ടർ കെ.കെ. മുഹമ്മദ് മോഡറേറ്ററായിരുന്നു. എം. ഗംഗാധരൻ സ്വാഗതവും ജസ്റ്റിൻ പ്രകാശ് നന്ദിയും പറഞ്ഞു.

2017 • ജനുവരി 2 • തിങ്കളാഴ്ച
www.mathrubhumi.com/localnews
മാതൃഭൂമി

# എടയ്ക്കൽഗുഹാ സംരക്ഷണസമരത്തിന് മൂന്നുപതിറ്റാണ്ട്


**ചുള്ളിയോട്:** എടയ്ക്കൽഗുഹയുടെ സംരക്ഷണത്തിന് വയനാട് പ്രകൃതി സംരക്ഷണസമിതി നടത്തിയ പ്രക്ഷോഭങ്ങൾക്ക് മൂന്നുപതിറ്റാണ്ട് തികയുന്നു.

ഇതിന്റെ ഭാഗമായി പ്രക്ഷോഭത്തിൽ പങ്കെടുത്തവരുടെ ഒത്തുചേരലും അനുസ്മരണവും നടക്കും. ജനുവരി ഏഴ്, എട്ട് തീയതികളിൽ അമ്പലവയലിലാണ് പരിപാടി. ചരിത്രസെമിനാർ, ഡോക്യുമെന്ററി പ്രദർശനം എന്നിവയും നടക്കും. സമുദ്രനിരപ്പിൽ നിന്ന് 4000-അടി ഉയരത്തിൽ സ്ഥിതിചെയ്യുന്ന അമ്പുകുത്തി മലനിരകളുടെ മുകൾത്തട്ടിലെ ഏകദേശം 98-അടി നീളവും 22-അടി വീതിയുമുള്ള വിള്ളലിലേക്ക് മുകളിൽ നിന്ന് വലിയ പാറ വന്നുവീണ് രൂപപ്പെട്ടതാണ് എടയ്ക്കൽ ഗുഹ.

അമൂല്യ ചരിത്രസമ്പത്തായ എടയ്ക്കൽഗുഹ നിയന്ത്രണമില്ലാത്ത ക്വാറികളുടെ കടന്നുകയറ്റം മൂലം നാശോന്മുഖമായപ്പോഴാണ് വയനാട് പ്രകൃതി സംരക്ഷണ സമിതി പ്രക്ഷോഭം ആരംഭിച്ചത്.

പ്രമുഖ ചരിത്രകാരന്മാരുടെയും സാംസ്കാരിക പ്രവർത്തകരുടെയും പിന്തുണയോടെയായിരുന്നു പ്രക്ഷോഭം. ഏഴിന് 2.30-ന് എടയ്ക്കൽ പ്രക്ഷോഭത്തിൽ പങ്കെടുത്തവരുടെ ഒത്തുചേരലും അനുസ്മരണവും മാതൃഭൂമി മാനേജിങ് ഡയറക്ടർ എം.പി. വീരേന്ദ്രകുമാർ എം.പി. ഉദ്ഘാടനം ചെയ്യും.

## പൈതൃകസംരക്ഷണ സമരത്തിൽ പങ്കെടുത്തവരുടെ ഒത്തുചേരലും അനുസ്മരണവും



എടയ്ക്കൽഗുഹയിലെ ശിലാലിഖിതങ്ങൾ

ചരിത്രസ്മാരകങ്ങൾ അവഗണന നേരിടുന്ന അവസ്ഥയിൽ കൂടുതൽ ബോധവത്കരണ പരിപാടികൾ ആവിഷ്കരിക്കാനാണ് പുതിയ കൂട്ടായ്മ. എട്ടിന് മൂന്നുമണിക്ക് എടയ്ക്കൽ പൈതൃകം-സംരക്ഷണചരിത്രം സെമിനാർ നടക്കും. ചരിത്രകാരൻ പ്രൊഫ. എം.ജി. എസ്. നാരായണൻ ഉദ്ഘാടനം ചെയ്യും. ഗവ. ഓഫ് ഇന്ത്യ ആർക്കിയോളജി വകുപ്പ് മുൻ ഡയറക്ടർ കെ.കെ. മുഹമ്മദ് മോഡറേറ്ററായിരിക്കും. എടയ്ക്കൽ പൈതൃകത്തെക്കുറിച്ച് എം.ആർ. രാഘവ വാര്യരും എടയ്ക്കൽഗുഹാ ചിത്രങ്ങളും വ്യാഖ്യാനങ്ങളും എന്ന വിഷയത്തിൽ ഡോ. രാജൻ ഗുരുക്കളും വയനാട്ടിലെ ജൈന സംസ്കൃതിയെക്കുറിച്ച് ശ്രീജിത്തും വിഷയം അവതരിപ്പിക്കും. തുടർന്ന് വയനാടിന്റെ പൈതൃക സംരക്ഷണചിന്ത എന്ന വിഷയത്തിൽ തോമസ് അമ്പലവയൽ വിഷയം അവതരിപ്പിക്കും. ഡോ. എം.ആർ. രാഘവ വാര്യർ മോഡറേറ്റർ ആയിരിക്കും. 4.30-ന് എടയ്ക്കൽ ദ റോക്ക് മാജിക്ക് എന്ന ഡോക്യുമെന്ററി പ്രദർശിപ്പിക്കും. പങ്കെടുക്കാനാഗ്രഹിക്കുന്നവർ ജനുവരി നാലിനു മുമ്പ് രജിസ്റ്റർ ചെയ്യണം. ഫോൺ: 9744659671, 9400440668.

2017 • ഫെബ്രുവരി 3 • വെള്ളിയാഴ്ച
മാതൃഭൂമി
www.mathrubhumi.com/localnews

# വയനാട്ടിൽ ഒരു നവീനശിലായുഗ മനുഷ്യാവാസകേന്ദ്രംകൂടി കണ്ടെത്തി

ശ്രീകാന്ത് കോട്ടക്കൽ

**കോഴിക്കോട്:** വയനാട്ടിൽ ഒരു നവീന ശിലായുഗ മനുഷ്യാവാസകേന്ദ്രംകൂടി കണ്ടെത്തി. എടക്കൽഗുഹ സ്ഥിതിചെയ്യുന്ന അമ്പുകുത്തി മലയുടെ മറുഭാഗത്തുള്ള താഴ്വരയിൽ ജലാശയത്തോടുചേർന്ന് മലവയലിനും അമ്പുകുത്തി താഴ്വരയ്ക്കുമിടയിലാണ് ശിലാചിത്രങ്ങൾ കണ്ടെത്തിയിരിക്കുന്നത്.



പുതുതായി കണ്ടെത്തിയ ശിലാചിത്രങ്ങൾ

വയനാടിൻെറ സാംസ്കാരികചരിത്രം എഴുതിയ എഴുത്തുകാരനും സ്വതന്ത്ര ഗവേഷകനുമായ ഒ.കെ. ജോണിയാണ് ഇവ കണ്ടെത്തിയത്. എടക്കലിലെയും തൊവരിമലയിലെയും ചിത്രങ്ങൾക്കിടയിലുള്ള കാലത്താവാം ഈ ശിലാചിത്രീകരണങ്ങൾ നടന്നതെന്ന് ജോണി പറയുന്നു. ചിത്രങ്ങൾ തമ്മിലുള്ള ദൃശ്യവ്യത്യാസമാണ് ഈ നിഗമനത്തിലേക്കെത്തുന്നതിന് കാരണം.

ഗുഹകളിലാണ് സാധാരണയായി ശിലായുഗ പരിഷ്കൃതിയുടെ അടയാളങ്ങളായ കൊത്തുചിത്രങ്ങൾ കാണപ്പെടുക.

തൊവരിയിലും ഇപ്പോൾ കണ്ടെത്തിയ ഈ തടാകതീര മനുഷ്യസങ്കേതത്തിലും തെളിഞ്ഞ ചിത്രങ്ങളിൽ മൃഗങ്ങളോ മനുഷ്യരൂപങ്ങളോ ചലിക്കുന്ന രൂപങ്ങളോ ഇല്ല. മറിച്ച് അമൂർത്തമായ രേഖകളും മാന്ത്രിക ചതുരങ്ങളും പരസ്പരം കെട്ടുപിണയുന്ന വരകളുമാണ് ഉള്ളത്.

മനുഷ്യൻെറ ബോധനിലവാരത്തിൻെറയും പരിഷ്കൃതിയുടെയും അനുക്രമ വികാസങ്ങളുടെ രേഖകളായി ഈ മൂന്ന് ശിലാരേഖകളെ എടുക്കാവുന്നതാണെന്നാണ് നിരീക്ഷണം.

ബി.സി. 10,000-ത്തിനും 4000-ത്തിനും ഇടയിലുള്ള കാലത്താവണം ഈ ചിത്രങ്ങൾ വരയ്ക്കപ്പെട്ടതെന്നും പറയുന്നു.

പാറപൊട്ടിക്കലിൻെറ പ്രഹരത്താൽ മണ്ണും മണലും പുരണ്ട പാറയിൽനിന്നാണ് ഈ ചിത്രങ്ങൾ കണ്ടെത്തിയത്. പുരാവസ്തുപരമായി ഏറെ പ്രാധാന്യമുള്ള വയനാട്ടിലെ ഈ പ്രദേശങ്ങളിൽ പാറപൊട്ടിക്കൽ വ്യാപകമാവുന്നതായി പരാതിയുണ്ട്.

---

മലയാള മനോരമ 2017 ഫെബ്രുവരി 3





വയനാട്ടിൽ എടയ്ക്കൽ ഗുഹയോടു ചേർന്നു കണ്ടെത്തിയ ശിലാ ലിഖിതത്തിനരികെ ഒ.കെ.ജോണി.

# ചരിത്രത്തിലേക്കു വെളിച്ചം പകരാൻ എടയ്ക്കലിൽ വീണ്ടും ശിലാലിഖിതം

കൽപറ്റ • പുരാതന ചരിത്രസംസ്കൃതിയിലേക്കു വെളിച്ചം വീശി വയനാട്ടിൽ വീണ്ടും ശിലായുഗ കൊത്തുചിത്രം കണ്ടെത്തി. എടയ്ക്കൽ ഗുഹ സ്ഥിതി ചെയ്യുന്ന അമ്പുകുത്തിമലയുടെ മറുഭാഗത്തുള്ള താഴ്വാരത്തിൽ ശിലാരേഖ കണ്ടെത്തിയതു ഡോക്യുമെന്ററി സംവിധായകനും 'വയനാട് രേഖകൾ' എന്ന പുസ്തകത്തിന്റെ രചയിതാവുമായ ഒ.കെ. ജോണിയാണ്.

എടയ്ക്കൽ ഗുഹയിലെയും തൊവരമലയിലെയും കൊത്തുചിത്രങ്ങളുമായി സാമ്യമുള്ള ആറു ശിലാലിഖിതങ്ങളാണ് ഇവിടെ കണ്ടെത്തിയത്. ഗുഹകളിലാണു സാധാരണ ഇത്തരം ലിഖിതങ്ങൾ കാണാൻ കഴിയുകയെങ്കിലും ചെറിയ തടാകത്തിന്റെ കരയിലെ ഒറ്റപ്പെട്ട പാറക്കല്ലുകളിലാണ് ഇപ്പോഴുള്ള ലിഖിതങ്ങളുള്ളത്.

എടയ്ക്കൽ ഗുഹയിലെ ചിത്രങ്ങളിൽ മനുഷ്യരൂപങ്ങളും മൃഗരൂപങ്ങളുമെല്ലാം കാണാനാകുമെങ്കിലും തൊവരിമലയിലെയും കഴിഞ്ഞ ദിവസം കണ്ടെത്തിയ സ്ഥലത്തെ കല്ലുകളിലും മനുഷ്യരൂപങ്ങളില്ല. മാന്ത്രികരേഖകളും പരസ്പരം കെട്ടുപിണഞ്ഞു കിടക്കുന്ന വരകളുമാണ് ഇവിടെയുള്ളത്.

മലയാളത്തിനു ശ്രേഷ്ഠഭാഷാ പദവി ലഭിക്കാൻ വരെ കാരണമായ വാക്കുകളുള്ള എടയ്ക്കൽ ശിലാലിഖിതം ആദ്യമായി റിപ്പോർട്ട് ചെയ്യുന്നത് 1894 ൽ ബ്രിട്ടീഷുകാരനായ എഫ്. ഫോസെറ്റാണ്.

1984ൽ തൊവരിമലയിലെ ശിലാലിഖിതങ്ങൾ ആദ്യമായി ലോകത്തെ അറിയിച്ചത് പ്രദേശത്തെ കർഷകനായ എൻ.എം. ജോസിന്റെ സൂചനകളുടെ അടിസ്ഥാനത്തിൽ ഒ.കെ. ജോണിയാണ്.

പാറപൊട്ടിക്കൽ സജീവമായ പ്രദേശത്താണ് ഇപ്പോൾ കണ്ടെത്തിയ ശിലാലിഖിതങ്ങളുള്ളതെന്നതിനാൽ മുഴുവൻ ചിത്രങ്ങളും ഉൾക്കൊണ്ടിട്ടില്ല.


DECCAN CHRONICLE
State
PAGE 4
TUESDAY | 3 JANUARY 2017 | KOZHIKODE

HISTORIC | SITE ■ **Edakkal Caves Protection Committee to organise get-together, seminars**

# Thirty years of struggle to protect Edakkal caves

DC CORRESPONDENT
KALPETTA, JAN 2

Thirty years back, a group of history buffs and environmental activists in Wayanad met together in Kalpetta and a took a pledge to protect the pre-historic rock art site at the Edakkal Caves on Ambukuthy Hills which was facing a threat from quarrying and unrestricted public entry. After tackling many hurdles and protests from political parties, locals, and the administration, they finally succeeded in imposing a ban on quarrying. After thirty years of forming the Edakkal Caves Protection Committee, the activists and historians will get together on January 7 and 8 to commemorate the occasion.



Tourists at Edakkal caves in Wayanad (file pic)

Apart from the get together, seminars on 'Edakkal Caves Heritage: Conservation History' and 'Wayanad's Thoughts on Heritage Conservation' will also be held as part of the programme.

The programme, organized by the Wayanad Prakrithi Samrakshana Samithi, is being inaugurated by noted historian Dr MGS Narayanan.

> It was on 1986 Sep 28, a committee was formed to protect the monument. All political parties except BJP were against us. After many struggles, ban on quarrying was imposed
>
> — THOMAS AMBALAVAYAL, programme convener

Speaking to Deccan Chronicle, the first convener of the Edakkal Caves Protection Committee and also the programme convener Thomas Ambalavayal said that the seminar aimed at not just recollecting the struggle by the activists and historians, but also to create awareness about the threats which persist at the rock art sites. "It was on September 28, 1986, a committee was formed to protect the monument which is facing a threat due to quarrying activities and public negligence about the value of the petro glyphs. All political parties except the BJP were against our efforts, but the historians stood behind us. Finally after many memoranda, petitions and demonstrations, the ban on quarrying was imposed," he said.

Although the state archaeology department took over the monument, they later handed it over to the District Tourism Promotion Council. "It was the Committee which installed the gate and manned the monument to prevent misuse of the site as the archaeology department showed no interest in conserving the site. The caves need more attention from the authorities and we wanted the Archaeological Survey of India to take over the monument," Mr Thomas Ambalavayal added.

Dr Rajan Gurikkal, Dr M.R Raghava Varier, Dr K.K Sreejith, Dr K.K Muhammed among others will present papers on various subjects related to Wayanad and its historical monuments during the two-day programme.

## എടക്കൽ ഗുഹ സംരക്ഷണം

# സമരപോരാളികൾ സംഗമിച്ചു

● എടക്കൽ ഗുഹ സംരക്ഷണ പ്രക്ഷോഭത്തിൻെറ 30ാം വാർഷികാചരണത്തിൻെറ ഭാഗമായാണ് ഒത്തുചേരൽ സംഘടിപ്പിച്ചത്

**കൽപറ്റ:** വയനാട് പ്രകൃതി സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ 1986ൽ നടന്ന എടക്കൽ ഗുഹ സംരക്ഷണ പ്രക്ഷോഭത്തിൽ പങ്കാളികളായവർ അമ്പലവയൽ മൗണ്ട് അവന്യൂവിൽ ഒത്തുകൂടി. പ്രക്ഷോഭത്തിൻെറ 30ാം വാർഷികാചരണത്തിൻെറ ഭാഗമായാണ് ഒത്തുചേരൽ സംഘടിപ്പിച്ചത്. കർഷക മോർച്ച അഖിലേന്ത്യ സെക്രട്ടറി പി.സി. മോഹനൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു. എടക്കൽ ഗുഹ സംരക്ഷണത്തിനുവേണ്ടി മൂന്നു പതിറ്റാണ്ടുമുമ്പ് വയനാട് പ്രകൃതിസംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ നടന്നത് കാലം ഓർത്തുവെക്കേണ്ട പോരാട്ടമാണെന്ന് എം.പി. വീരേന്ദ്രകുമാർ എം.പി സന്ദേശത്തിൽ പറഞ്ഞു. എടക്കലിലെ പാറച്ചുവരുകളിൽ നൂറ്റാണ്ടുകൾ മുമ്പ് ആലേഖിതമായ ചിത്രങ്ങൾ കേരളത്തിലെയെന്നല്ല, ലോകത്തെങ്ങുമുള്ള ശിലാചിത്രങ്ങളെക്കാൾ സമ്പന്നമാണെന്ന ചരിത്രകാരന്മാരുടെ വിലയിരുത്തൽ ആധികാരികമാണ്.

എടക്കൽ ഗുഹയെ കരിങ്കൽഗുഹ മാത്രമായാണ് പലരും കണ്ടിരുന്നത്. 30 വർഷംമുമ്പ് നടന്ന സമരങ്ങൾ വഴിയാണ് ഗുഹയെ ഇന്നത്തെ നിലയിലെങ്കിലും സംരക്ഷിക്കാൻ കഴിഞ്ഞത്. ചരിത്രപ്രാധാന്യമുള്ള ഈ ദൗത്യത്തിനായി പോരാടിയവർ നിരവധിയാണ്. എടക്കൽ ഗുഹ സംരക്ഷിക്കാൻ എല്ലാ തലങ്ങളിലുമുള്ള ജനങ്ങളും മുന്നിട്ടിറങ്ങണമെന്ന് 1980കളിൽ ജനത പാർട്ടി സംസ്ഥാന സെക്രട്ടറിയായിരുന്ന താൻ ആവശ്യപ്പെട്ടിരുന്നു.

വയനാട്ടിലെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജസ്വലമായി തുടരേണ്ടത് വെല്ലുവിളികൾ നിറഞ്ഞ ഈ കാലഘട്ടത്തിൻെറ ആവശ്യമാണെന്ന് വീരേന്ദ്രകുമാർ പറഞ്ഞു. ദശകങ്ങൾക്കു മുമ്പുള്ള വയനാടല്ല ഇന്നുള്ളത്.

അടിസ്ഥാനപരമായിത്തന്നെ പലതും മാറ്റിമറിക്കപ്പെട്ടു. പ്രകൃതിയുടെ മേൽ വന്യമായ കടന്നാക്രമണം തുടരുകയാണ്. പഴയ വയനാടിനെ തിരിച്ചുപിടിക്കാൻ നിസ്വാർഥവും സുസംഘടിതവുമായ കഠിന പ്രയത്നം ആവശ്യമാണെന്നും അദ്ദേഹം സന്ദേശത്തിൽ പറഞ്ഞു. വയനാട് ഡയറ്റ് മുൻ പ്രിൻസിപ്പൽ ഡോ. പി. ലക്ഷ്മണൻ അധ്യക്ഷത വഹിച്ചു. കെ.ജെ. ദേവസ്യ, സി.വി. ജോയി, ഡോ. അമ്പി ചിറയിൽ, കോണിക്കൽ ഖാദർ, എൻ. ബാദുഷ, തോമസ് അമ്പലവയൽ എന്നിവർ സംസാരിച്ചു. ബാബു മൈലമ്പാടി സ്വാഗതവും പി.യു. ജോയി നന്ദിയും പറഞ്ഞു.




*എടക്കൽ ഗുഹ സംരക്ഷണ സമരത്തിൻെറ 30ാം വാർഷികാചരണത്തിൻെറ ഭാഗമായി അമ്പലവയലിൽ നടന്ന പ്രക്ഷോഭകാരികളുടെ ഒത്തുചേരൽ കർഷക മോർച്ച അഖിലേന്ത്യ സെക്രട്ടറി പി.സി. മോഹനൻ മാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു*

## എടക്കലിനെ സംരക്ഷിച്ചത് സമരപോരാട്ടങ്ങൾ –എം.ജി.എസ്. നാരായണൻ

**കൽപറ്റ:** അമ്പുകുത്തി മലനിരകളിൽ കരിങ്കൽ ഖനനം തുടർന്നിരുന്നുവെങ്കിൽ എടക്കൽ റോക് ഷെൽട്ടറും അതിലെ അതീവ ചരിത്രപ്രാധാന്യമുള്ള ലിഖിതങ്ങളും കഥാവശേഷമാകുമായിരുന്നുവെന്ന് ചരിത്രകാരൻ പ്രഫ. എം.ജി.എസ്. നാരായണൻ. അന്നു നടന്ന സമരപോരാട്ടങ്ങളാണ് എടക്കൽ ഗുഹചിത്രങ്ങൾ പുതിയ തലമുറയിലേക്ക് കൈമാറിയെത്താൻ സഹായിച്ചതെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. എടക്കൽ ഗുഹ സംരക്ഷണ പ്രക്ഷോഭത്തിൻെറ 30ാം വാർഷികാചരണത്തിൻെറ ഭാഗമായി വയനാട് പ്രകൃതി സംരക്ഷണ സമിതി 'എടക്കൽ പൈതൃകം: സംരക്ഷണ ചരിത്രം' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മൂന്നു പതിറ്റാണ്ടു മുമ്പ് നടന്ന എടക്കൽ ഗുഹ സംരക്ഷണ പ്രവർത്തനങ്ങളുടെ മുഖ്യ ശത്രുക്കൾ അന്നത്തെ മുഖ്യമന്ത്രിയും അദ്ദേഹത്തിൻെറ വലംകൈയായിരുന്ന മറ്റൊരാളുമായിരുന്നുവെന്ന് എം.ജി.എസ് പറഞ്ഞു. റോക് ഷെൽട്ടറിൻെറ സംരക്ഷണം മുൻനിർത്തി ജില്ല കലക്ടറായിരുന്ന ടി. രവീന്ദ്രൻ തമ്പി എടക്കലിലും പരിസരങ്ങളിലും ഏർപ്പെടുത്തിയ ക്വാറി നിരോധനം മുഖ്യമന്ത്രി നീക്കുകയുണ്ടായി. റോക് ഷെൽട്ടറിൻെറ സംരക്ഷണത്തിനല്ല, ക്വാറി തൊഴിലാളികളുടെയും അവരെ നിയന്ത്രിക്കുന്ന രാഷ്ട്രീയ നേതാക്കളുടെയും താൽപര്യങ്ങൾക്കാണ് മുഖ്യമന്ത്രിയും അദ്ദേഹത്തിന് ഒപ്പമുണ്ടായിരുന്നവരും പ്രാധാന്യം നൽകിയത്. പിന്നീട് കാലിക്കറ്റ് സർവകലാശാലയിലെ ചരിത്രവിഭാഗം ഡൽഹിയിൽ പ്രധാനമന്ത്രിയുടെ കാര്യാലയത്തിൽ ചെലുത്തിയ സമ്മർദമാണ് എടക്കലിൽ ക്വാറികളുടെ പ്രവർത്തനത്തിനു താൽക്കാലികമായി തടയിട്ടത്. എടക്കലിലെ പാറച്ചിത്രങ്ങളുടെ ചരിത്രപ്രാധാന്യം ലോകം ഇന്നും ശരിക്കും മനസ്സിലാക്കിയിട്ടില്ല. ശൈലീകൃത രൂപങ്ങളാണ് ഇവിടെയുള്ളത്. എടക്കലിലെ ചിത്രങ്ങൾ നവീന ശിലായുഗത്തിൽ വരച്ചതാണെന്ന് തീർത്തുപറയാനാകില്ലെന്നും എം.ജി.എസ് പറഞ്ഞു. വയനാട് പ്രകൃതിസംരക്ഷണ സമിതി പ്രസിഡൻറ് എൻ. ബാദുഷ ആമുഖപ്രഭാഷണം നടത്തി. ഡോ. എം.ആർ. രാഘവവാര്യർ, എം. വിജയലക്ഷ്മി എന്നിവർ യഥാക്രമം 'എടക്കൽ പൈതൃകം', 'എടക്കൽ ഗുഹാചിത്രങ്ങളും വ്യാഖ്യാനങ്ങളും' എന്നീ വിഷയങ്ങൾ അവതരിപ്പിച്ചു.


ആർക്കിയോളജി വകുപ്പ് മുൻ ഡയറക്ടർ കെ.കെ. മുഹമ്മദ് മോഡറേറ്ററായിരുന്നു. എം. ഗംഗാധരൻ സ്വാഗതവും ജസ്റ്റിൻ പ്രകാശ് നന്ദിയും പറഞ്ഞു. വയനാടിൻെറ പൈതൃക സംരക്ഷണ ചിന്ത എന്ന വിഷയത്തിൽ ചർച്ചയും 'എടക്കൽ ദ റോക് മാജിക്' എന്ന പേരിൽ പി.ടി. സന്തോഷ്കുമാർ സംവിധാനം ചെയ്ത ഡോക്യുമെൻററിയുടെ പ്രദർശനവും നടന്നു.


KOZHIKODE
THE HINDU • MONDAY, JANUARY 9, 2017

# Unesco heritage tag for monuments caught in red tape

Centre included two monuments on tentative list in 2014, but State Archaeology dept. is yet to start procedures

E.M. Manoj





Edakkal caves, near Ambalavayal, in Wayanad and Padmanabhapuram Palace at Thakkala are much favoured by tourists.

**KALPETTA:** Securing Unesco world heritage status for the Padmanabhapuram Palace at Thakkala in Tamil Nadu and the prehistoric rock art site at Edakkal on the Ambukuthy hills in Wayanad in Kerala has remained a distant dream owing to the 'inertia' of the State Archaeology Department.

Predominantly made of wood, the 500-year-old palace is constructed in the Kerala style of architecture. The Edakkal caves are known for the prehistoric petroglyphs on the walls of the rock shelter.

The State government earmarked ₹50 lakh to expedite measures to secure the status for the two protected monuments under the Archaeology Department and appointed a special officer in 2013.

Even after an advisory committee constituted by the Union Ministry of Culture included the palace, known for its woodwork, innovative design, and mural paintings, on the tentative list of world heritage sites on April 14, 2014, the department is yet to take steps to file the papers for the final list.

The committee had also promised the State to consider the Edakkal caves for inclusion on the next list of world heritage sites.

Realising the importance and universal value of the palace, the government in 1999 sought international financial assistance for research and to prepare the nomination file. Though Unesco sanctioned $16,300, not much progress had been made owing to the laxity of department officials.

Though preliminary documentation works of the palace have been completed, 3D and 360 degree documentation works, fixing buffer zones, setting up fire protection systems, and infrastructure works are yet to begin, archaeologist Elizabeth Thomas, former special officer, whose tenure ended on April 31, 2016 told *The Hindu*.

She said even documentation works were yet to begin regarding the Edakkal caves. A workshop held at Sulthan Bathery in 2013 for securing world heritage status for the monument discussed potential threats to the rock carvings and scientific measures to conserve the caves. The recommendations submitted to the government had not been acted upon, Thomas Ambalavayal, convener, Edakkal cave protection committee, said.

WD ■ ചന്ദ്രിക 03

09 തിങ്കൾ ജനുവരി 2017

## അമ്പുകുത്തി മലകളിൽ ഖനനം നടന്നിരുന്നുവെങ്കിൽ

# എടക്കലിലെ ശിലാലിഖിതങ്ങൾ നശിക്കുമായിരുന്നു: എം.ജി.എസ്

കൽപ്പറ്റ: അമ്പുകുത്തി മലനിരകളിൽ കരിങ്കൽ ഖനനം തുടർന്നിരുന്നുവെങ്കിൽ എടക്കൽ റോക്ഷെൽട്ടറും അതിലെ അതീവ ചരിത്രപ്രാധാന്യമുള്ള ലിഖിതങ്ങളും കഥാവശേഷമാകുമായിരുന്നുവെന്ന് ചരിത്രകാരൻ പ്രഫ.എം.ജി.എസ് നാരായണൻ. എടക്കൽ ഗുഹ സംരക്ഷണ പ്രക്ഷോഭത്തിന്റെ മുപ്പതാം വാർഷികാചരണത്തിന്റെ ഭാഗമായി വയനാട് പ്രകൃതി സംരക്ഷണ സമിതി 'എടക്കൽ പൈതൃകം: സംരക്ഷണ ചരിത്രം' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കാലിക്കറ്റ് സർവകലാശാലയിലെ ചരിത്രവിഭാഗം ഡൽഹിയിൽ പ്രധാനമന്ത്രിയുടെ കാര്യാലയത്തിൽ ചെലുത്തിയ സമ്മർദമാണ് എടക്കലിൽ കൽമടകളുടെ പ്രവർത്തനത്തിനു താത്കാലികമായി തടയിടാൻ ഉതകിയത്. റോക് ഷെൽട്ടർ സംരക്ഷണത്തിനു ആവശ്യമായ നടപടികൾ സ്വീകരിക്കാൻ പ്രധാനമന്ത്രിയുടെ ഓഫീസിൽനിന്നു സംസ്ഥാന ചീഫ് സെക്രട്ടറിക്ക് നിർദേശം നൽകുകയുണ്ടായി. കരിങ്കൽ ഖനനം മൂലം എടക്കൽ റോക് ഷെൽട്ടറിന്റെ നിലനിൽപുതന്നെ അപകടത്തിലായ ഘട്ടത്തിലാണ് സംസ്ഥാന സർക്കാരിന്റെയും പ്രമുഖ രാഷ്ട്രീയ പാർട്ടികളുടെയും താത്പര്യത്തിനു വിരുദ്ധമായി കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ഉണ്ടായത്. എടക്കലിലെ പാറച്ചിത്രങ്ങളുടെ ചരിത്ര പ്രാധാന്യം ലോകം ഇന്നും ശരിക്കും മനസിലാക്കിയിട്ടില്ല. ലോകത്തെ പ്രാചീന റോക് ഷെൽറ്ററുകളിൽ ഒന്നാണ് എടക്കലിലേത്. ഇതര സ്ഥലങ്ങളിലെ ഗുഹാചിത്രങ്ങളിൽ ഏറെയും യാഥാർഥ്യബോധത്തോടെ കൊത്തിയതാണ്. എന്നാൽ എടക്കലിലെ പാറച്ചിത്രങ്ങളിൽ മനുഷ്യ, മൃഗരൂപങ്ങളും മറ്റും അതേപടി ചിത്രീകരിച്ചിട്ടില്ല. ശൈലീകൃത രൂപങ്ങളാണ് ഇവിടെയുള്ളതത്. എടക്കലിലെ ചിത്രങ്ങൾ നവീന ശിലായുഗത്തിൽ വരച്ചതാണെന്ന് തീർത്തുപറയാനാകില്ല. നവീനശിലായുഗത്തിൽ ഉപയോഗത്തിലുണ്ടായിരുന്ന കല്ലുളികൾ കൊണ്ട് പാറയിൽ ഇത്ര ആഴത്തിൽ ചിത്രങ്ങൾ വരച്ചുവെന്നത് സംശയങ്ങൾക്ക് ഇട നൽകുന്നതാണ്. മലബാർ ജില്ലാ പോലീസ് സൂപ്രണ്ടായിരുന്ന എഫ്. ഫാസെറ്റ് ഇന്ത്യൻ ആന്റിക്വറിയിൽ 1901ൽ പ്രസിദ്ധപ്പെടുത്തിയതാണ് എടക്കൽ റോക് ഷെൽട്ടറിനെക്കുറിച്ചുള്ള ആദ്യത്തെ ആധികാരിക രചന. ഇതിന്റെ ചുവടുപിടിച്ചായിരുന്നു പിന്നീട് നടന്ന പഠനങ്ങളും ഗവേഷണങ്ങളും-പ്രഫ. നാരായണൻ പറഞ്ഞു. വയനാട് പ്രകൃതി സംരക്ഷണ സമിതി പ്രസിഡന്റ് എൻ. ബാദുഷ ആമുഖപ്രഭാഷണം നടത്തി. ഡോ.എം.ആർ. രാഘവവാര്യർ, എം. വിജയലക്ഷ്മി എന്നിവർ യഥാക്രമം എടക്കൽ പൈതൃകം, എടക്കൽ ഗുഹാചിത്രങ്ങളും വ്യാഖ്യാനങ്ങളും എന്നീ വിഷയങ്ങൾ അവതരിപ്പിച്ചു. ആർക്കിയോളജി വകുപ്പ് മുൻ ഡയറക്ടർ കെ.കെ. മുഹമ്മദ് മോഡറേറ്ററായിരുന്നു. എം. ഗംഗാധരൻ സ്വാഗതവും ജസ്റ്റിൻ പ്രകാശ് നന്ദിയും പറഞ്ഞു. വയനാടിന്റെ പൈതൃക സംരക്ഷണ ചിന്ത എന്ന വിഷയത്തിൽ ചർച്ചയും എടക്കൽ ദ റോക് മാജിക് എന്ന പേരിൽ പി.ടി. സന്തോഷ്കുമാർ സംവിധാനം ചെയ്ത ഡോക്യുമെന്ററിയുടെ പ്രദർശനവും നടന്നു.

കേരളകൗമുദി

09 ജനുവരി 2017 തിങ്കൾ

വയനാട്

# എടക്കൽ ഗുഹ സംരക്ഷണത്തിന് മുഖ്യശത്രുവായത് അന്നത്തെ മുഖ്യമന്ത്രി : എം.ജി.എസ്

കൽപ്പറ്റ: അമ്പുകുത്തി മലനിരകളിൽ കരിങ്കൽ ഖനനം തുടർന്നിരുന്നുവെങ്കിൽ എടക്കൽ റോക് ഷെൽട്ടറും അതിലെ അതീവ ചരിത്രപ്രാധാന്യമുള്ള ലിഖിതങ്ങളും കഥാവശേഷമാകുമായിരുന്നുവെന്ന് ചരിത്രകാരൻ പ്രൊഫ.എം.ജി.എസ് നാരായണൻ. എടക്കൽ ഗുഹ സംരക്ഷണ പ്രക്ഷോഭത്തിന്റെ മുപ്പതാം വാർഷികാചരണത്തിന്റെ ഭാഗമായി വയനാട് പ്രകൃതി സംരക്ഷണ സമിതി 'എടക്കൽ പൈതൃകം: സംരക്ഷണ ചരിത്രം' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മൂന്ന് പതിറ്റാണ്ടു മുമ്പ് നടന്ന എടക്കൽ ഗുഹ സംരക്ഷണ പ്രവർത്തനങ്ങളുടെ മുഖ്യശത്രുക്കൾ അന്നത്തെ മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ വലംകൈയായിരുന്ന മറ്റൊരാളുമായിരുന്നുവെന്ന് എം.ജി.എസ് പറഞ്ഞു.

റോക് ഷെൽട്ടറിന്റെ സംരക്ഷണം മുൻനിർത്തി ജില്ലാ കളക്ടറായിരുന്ന ടി. രവീന്ദ്രൻ തമ്പി എടക്കലിലും പരിസരങ്ങളിലും ഏർപ്പെടുത്തിയ ക്വാറി നിരോധനം മുഖ്യമന്ത്രി നീക്കുകയുണ്ടായി. റോക്ഷെൽട്ടറിന്റെ സംരക്ഷണത്തില്ല, ക്വാറി തൊഴിലാളികളുടെയും അവരെ നിയന്ത്രിക്കുന്ന രാഷ്ട്രീയ നേതാക്കളുടെയും താത്പര്യങ്ങൾക്കാണ് മുഖ്യമന്ത്രിയും അദ്ദേഹത്തിനു ഒപ്പമുണ്ടായിരുന്നവരും പ്രാധാന്യം നൽകിയത്. പിന്നീട് കാലിക്കറ്റ് സർവകലാശാലയിലെ ചരിത്രവിഭാഗം ഡൽഹിയിൽ പ്രധാനമന്ത്രിയുടെ കാര്യാലയത്തിൽ ചെലുത്തിയ സമ്മർദ്ദമാണ് താത്കാലികമായി തടയിടാൻ ഉതകിയത്.

എടക്കലിലെ പാറച്ചിത്രങ്ങളുടെ ചരിത്രപ്രാധാന്യം ലോകം ഇന്നും ശരിക്കും മനസിലാക്കിയിട്ടില്ല. ലോകത്തെ പ്രാചീന റോക് ഷെൽറ്ററുകളിൽ ഒന്നാണ് എടക്കലിലേത്. ഇതര സ്ഥലങ്ങളിലെ ഗുഹാചിത്രങ്ങളിൽ ഏറെയും യാഥാർഥ്യബോധത്തോടെ കൊത്തിയതാണ്. എന്നാൽ എടക്കലിലെ പാറച്ചിത്രങ്ങളിൽ മനുഷ്യ, മൃഗരൂപങ്ങളും മറ്റും അതേപടി ചിത്രീകരിച്ചിട്ടില്ല. ശൈലീകൃതരൂപങ്ങളാണ് ഇവിടെയുള്ളതത്. എടക്കലിലെ ചിത്രങ്ങൾ നവീന ശിലായുഗത്തിൽ വരച്ചതാണെന്ന് തീർത്തുപറയാനാകില്ല. നവീന ശിലായുഗത്തിൽ ഉപയോഗത്തിലുണ്ടായിരുന്ന കല്ലുളികൾകൊണ്ട് പാറയിൽ ഇത്ര ആഴത്തിൽ ചിത്രങ്ങൾ വരച്ചുവെന്നത് സംശയങ്ങൾക്ക് ഇട നൽകുന്നതാണ്. അദ്ദേഹം പറഞ്ഞു.

വയനാട് പ്രകൃതി സംരക്ഷണ സമിതി പ്രസിഡന്റ് എൻ. ബാദുഷ ആമുഖപ്രഭാഷണം നടത്തി. ഡോ. എം. ആർ. രാഘവവാര്യർ, എം. വിജയലക്ഷ്മി എന്നിവർ യഥാക്രമം എടക്കൽ പൈതൃകം, എടക്കൽ ഗുഹാചിത്രങ്ങളും വ്യാഖ്യാനങ്ങളും എന്നീ വിഷയങ്ങൾ അവതരിപ്പിച്ചു. ആർക്കിയോളജി വകുപ്പ് മുൻ ഡയറക്ടർ കെ.കെ. മുഹമ്മദ് മോഡറേറ്ററായിരുന്നു. എം. ഗംഗാധരൻ സ്വാഗതവും ജസ്റ്റിൻ പ്രകാശ് നന്ദിയും പറഞ്ഞു.

വയനാടിന്റെ പൈതൃക സംരക്ഷണ ചിന്ത എന്ന വിഷയത്തിൽ ചർച്ചയും എടക്കൽ ദ റോക് മാജിക് എന്ന പേരിൽ പി.ടി. സന്തോഷ്കുമാർ സംവിധാനം ചെയ്ത ഡോക്യുമെന്ററിയുടെ പ്രദർശനവും നടന്നു.

# എടയ്ക്കൽ ഗുഹാ സംരക്ഷണത്തിൽ പങ്കെടുത്തവർ ഒത്തുചേരുന്നു

## • പരിപാടി ഏഴിനും എട്ടിനും അമ്പലവയലിൽ

ബത്തേരി • മഹത്തായ ചരിത്ര സ്മാരകമായ എടയ്ക്കൽ ഗുഹയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകളിലായി നടത്തിയ പ്രവർത്തനങ്ങളുടെ ഓർമ പുതുക്കി വയനാട് പ്രകൃതിസംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ സെമിനാറും ഒത്തുചേരലും നടത്തുന്നു.

അമ്പലവയലിൽ ഏഴ്, എട്ട് തീയതികളിലാണ് പരിപാടി. എടയ്ക്കൽ ഗുഹാ സംരക്ഷണ യജ്ഞത്തിൽ പങ്കെടുത്തവരുടെ ഒത്തു ചേരലും അനുസ്മരണവും ഏഴിന് ഉച്ചയ്ക്ക് 2.30ന് എം.പി. വീരേന്ദ്രകുമാർ എംപി ഉദ്ഘാടനം ചെയ്യും. ഓർമകൾ എൻ. ബാദുഷ പങ്കുവയ്ക്കും. അനുസ്മരണം തോമസ് അമ്പലവയലും നിർവഹിക്കും.

വിവിധ മേഖലകളിൽ പ്രവർത്തിച്ചിരുന്ന എ.ജെ. തോമസ്, എ.സി. അച്യുതൻനായർ, എം.വി. ദേവൻ, കെ. ജയചന്ദ്രൻ, പി. വാസുപ്പണിക്കർ, നവാബ് രാജേന്ദ്രൻ, കെ.ജി. മാരാർ, വി.കെ. കേശവദാസ്, ടി.പി. ബാലകൃഷ്ണ പിള്ള, വി.എം. ഹരിദാസ്, ടി.സി. ജോൺ, പി.പി. വർഗീസ്, പി. കെ. കൃഷ്ണൻ, പി. വേലുണ്ണി, ഇ.എം. ഗംഗാധരൻ, പി.സി. ബാലകൃഷ്ണൻ, എ.എം. കുര്യൻ, തങ്കപ്പൻ, കടവൻ അബൂബക്കർ എന്നിവരെ അനുസ്മരിക്കും.

എട്ടിന് രാവിലെ 10ന് നടക്കുന്ന എടക്കൽ പൈതൃകം- സംരക്ഷണ ചരിത്രം എന്ന സെമിനാർ പ്രഫ. എം.ജി.എസ്. നാരായണൻ ഉദ്ഘാടനം ചെയ്യും. കേന്ദ്ര ആർക്കിയോളജി വകുപ്പ് മുൻ ഡയറക്ടർ കെ.കെ. മുഹമ്മദ് മോഡറേറ്ററാകും.

എടക്കൽ പൈതൃകം എന്ന വിഷയത്തിൽ ഡോ. എം.ആർ. രാഘവ വാരിയർ, എടക്കൽ ഗുഹാ ചിത്രങ്ങളും വ്യാഖ്യാനങ്ങളും എന്ന വിഷയത്തിൽ ഡോ. രാജൻ ഗുരുക്കൾ, വയനാട്ടിലെ ജൈനസംസ്കൃതി എന്ന വിഷയത്തിൽ ശ്രീജിത്ത് എന്നിവർ വിഷയാവതരണം നടത്തും.

പരിപാടിയോടനുബന്ധിച്ച് ഡോക്യുമെന്ററി പ്രദർശനവും നടത്തും.

2017 ജനുവരി 6
വെള്ളി CLT/WL
മംഗളം

# എടയ്ക്കൽ ഗുഹയ്ക്ക് ലോക പൈതൃകപദവി: ചരിത്ര സെമിനാറും സംഗമവും നാളെ മുതൽ

കൽപ്പറ്റ: എടക്കൽ ഗുഹയ്ക്ക് ലോക പൈതൃകപദവി നേടിയെടുക്കുന്നതിനുള്ള കർമപദ്ധതിയുടെ ഭാഗമായി ജനുവരി ഏഴ്, എട്ട് തീയതികളിൽ അമ്പലവയൽ മൗണ്ട് അവന്യൂ ഓഡിറ്റോറിയത്തിൽ ചരിത്രസെമിനാറും പൈതൃകസംരക്ഷണ കൂടിച്ചേരലും സംഘടിപ്പിക്കുമെന്ന് നൽകുമെന്ന് വയനാട് പ്രകൃതി സംരക്ഷണ സമിതി പ്രസിഡന്റ് എൻ. ബാദുഷ, സെക്രട്ടറി തോമസ് അമ്പലവയൽ എന്നിവർ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

എടക്കൽ ഗുഹ സംരക്ഷണ പ്രക്ഷോഭത്തിന്റെ മുപ്പതാം വാർഷികാചരണത്തിന്റെ ഭാഗമായാണ് പരിപാടികൾ നടത്തുന്നത്. ഭരണാധികാരികൾ ആത്മാർഥമായി പരിശ്രമിക്കാത്തതാണ് ചരിത്രപ്രാധാന്യമുള്ള എടക്കലിനു ലോക പൈതൃക പദവി ലഭിക്കാത്തതിനു കാരണമെന്ന് സമിതി ഭാരവാഹികൾ ചൂണ്ടിക്കാട്ടി.

എടക്കൽ ഗുഹ ഏറ്റെടുക്കാൻപോലും ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ തയാറാകുന്നില്ല. മാനവരാശിയുടെ മുഴുവൻ സ്വത്തും വയനാടിന്റെ അഭിമാനവുമാണ് എടക്കൽ ഗുഹ. ഇത് ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ ഏറ്റെടുക്കുന്നതിനും സമീപഭാവിയിൽത്തന്നെ ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്നതിനുമുള്ള രണ്ടാം പൈതൃക സംരക്ഷണ പ്രക്ഷോഭ പരിപാടികളും ചരിത്ര സെമിനാറിൽ ആസൂത്രണം ചെയ്യും. ചരിത്ര പണ്ഡിതരെയും സാംസ്കാരിക-പരിസ്ഥിതി പ്രവർത്തകരെയും പങ്കെടുപ്പിച്ച് 1986 സെപ്റ്റംബർ എട്ടിന് വയനാട് പ്രൃതി സംരക്ഷണ സമിതി കൽപ്പറ്റയിൽ സംഘടിപ്പിച്ച യോഗം തീരുമാനിച്ചതനുസരിച്ചാണ് എടക്കൽ ഗുഹ സംരക്ഷണ പ്രക്ഷോഭം ആരംഭിച്ചത്.

ഈ സമരത്തെ ചെറുത്തുതോൽപ്പിക്കാനാണ് പ്രമുഖ രാഷ്ട്രീയ പാർട്ടികൾ ശ്രമിച്ചത്. എടക്കൽ ഗുഹ ഇപ്പോഴും നാശത്തിന്റെ പാതയിൽത്തന്നെയാണ്. നിലവിൽ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ കൈവശത്തിലാണ് ഗുഹയും പരിസരവും. എടക്കലിന്റെ മൂല്യവും മഹത്വവും ഡി.ടി.പി.സി തിരിച്ചറിയുന്നില്ല.

ഗുഹയെ കറവപ്പശുവായാണ് ടൂറിസം പ്രമോഷൻ കൗൺസിലും ജില്ലാ ഭരണകൂടവും കാണുന്നത്. എടക്കൽ പ്രക്ഷോഭത്തിൽ പങ്കെടുത്തവരുടെ ഒത്തുചേരലും അനുസ്മരണവും ഏഴിന് ഉച്ചകഴിഞ്ഞ് 2.30ന് എം.പി. വീരേന്ദ്രകുമാർ എം.പി ഉദ്ഘാടനം ചെയ്യും. എട്ടിനു രാവിലെ 10ന് തുടങ്ങുന്ന ചരിത്ര സെമിനാറിന്റെ ഉദ്ഘാടനം പ്രഫ. എം.ജി.എസ് നാരായണൻ നിർവഹിക്കും.

എടക്കൽ പൈതൃകം, എടക്കൽ ഗുഹാചിത്രങ്ങളും വ്യാഖ്യാനങ്ങളും, വയനാട്ടിലെ ജൈന സംസ്കൃതി എന്നീ വിഷയങ്ങളിൽ യഥാക്രമം ഡോ. എം.ആർ. രാഘവവാര്യർ, ഡോ. രാജൻ ഗുരുക്കൾ, ശ്രീജിത്ത് എന്നിവർ പ്രബന്ധം അവതരിപ്പിക്കും. ഉച്ചകഴിഞ്ഞ് വയനാടിന്റെ പൈതൃക സംരക്ഷണ ചിന്ത എന്ന വിഷയത്തിൽ ചർച്ചയും തുടർന്ന് എടക്കൽ ദ റോക് മാജിക് എന്ന പേരിൽ പി.ടി. സന്തോഷ്കുമാർ സംവിധാനം ചെയ്ത ഡോക്യുമെന്ററിയുടെ പ്രദർശനവും ഉണ്ടാകും.

സ്വാഗതസംഘം ഭാരവാഹികളായ എം. ഗംഗാധരൻ, വി. ഹരികുമാർ, അബു പൂക്കോട് എന്നിവരും വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

മാധ്യമം
2017 ജനുവരി 6 ● വെള്ളി

# എടക്കൽ ഗുഹ ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ ഏറ്റെടുക്കണം

**കൽപറ്റ:** ചരിത്രപ്രധാനമായ എടക്കൽ ഗുഹയിലെ ശിലാലിഖിതങ്ങളുടെ സംരക്ഷണം ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ ഏറ്റെടുക്കണമെന്ന് വയനാട് പ്രകൃതി സംരക്ഷണ സമിതി നേതാക്കൾ വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു.

സാമൂഹികവിരുദ്ധരും സഞ്ചാരികളും മദ്യപസംഘങ്ങളും പാറച്ചിത്രങ്ങൾ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ജില്ല ടൂറിസം പ്രമോഷൻ കൗൺസിലാണ് ഇപ്പോൾ ഗുഹയുടെ ഉത്തരവാദിത്തമുള്ളത്.

എന്നാൽ, ഈ ചരിത്രപൈതൃകത്തിൻെറ വില ഇനിയും മനസ്സിലാക്കിയിട്ടില്ലാത്ത രീതിയിലാണ് ഡി.ടി.പി.സിയുടെ സമീപനം. ടൂറിസം വരുമാനം വർധിപ്പിക്കാനുള്ള മാർഗമെന്നതിൽ കവിഞ്ഞ് ഒരു പ്രാധാന്യവും അവർ കൽപിക്കുന്നില്ലെന്നും അവർ ആരോപിച്ചു.

എടക്കൽ പൈതൃക സംരക്ഷണ പ്രക്ഷോഭത്തിൻെറ 30ാം വാർഷികത്തോടനുബന്ധിച്ച് ശനി, ഞായർ ദിവസങ്ങളിൽ ചരിത്ര സെമിനാർ സംഘടിപ്പിക്കുമെന്ന് അവർ അറിയിച്ചു.

അമ്പലവയൽ ഹോട്ടൽ മൗണ്ട് അവന്യൂവിൽ നടക്കുന്ന സെമിനാറിനോടനുബന്ധിച്ച് എടക്കൽ പ്രക്ഷോഭത്തിൽ പങ്കെടുത്തവരുടെ ഒത്തുചേരലും അനുസ്മരണവും നടക്കും. ശനിയാഴ്ച നടക്കുന്ന ഒത്തുചേരലും അനുസ്മരണവും എം.പി. വീരേന്ദ്രകുമാർ എം.പി ഉദ്ഘാടനം ചെയ്യും. ഞായറാഴ്ച രാവിലെ 10ന് നടക്കുന്ന എടക്കൽ പൈതൃകം സംരക്ഷണ ചരിത്രം സെമിനാർ ചരിത്രകാരൻ ഡോ. എം.ജി.എസ്. നാരായണൻ ഉദ്ഘാടനം ചെയ്യും.

ആർക്കിയോളജി വകുപ്പ് മുൻ ഡയറക്ടർ കെ.കെ. മുഹമ്മദ് മോഡറേറ്ററാവും. ഡോ. എം.ആർ. രാഘവവാരിയർ, ഡോ. രാജൻ ഗുരുക്കൾ, ശ്രീജിത്ത് എന്നിവർ വിവിധ വിഷയങ്ങൾ അവതരിപ്പിക്കും. ഉച്ചക്കുശേഷം 'വയനാടിൻെറ പൈതൃക സംരക്ഷണ ചിന്ത' എന്ന പേരിൽ നടക്കുന്ന സെമിനാറിൽ ഡോ. എം.ആർ. രാഘവവാരിയർ മോഡറേറ്ററാവും. വൈകീട്ട് 'എടക്കൽ ദ റോക്ക് മാജിക്' എന്ന ഡോക്യുമെൻററി പ്രദർശനവും ചർച്ചയും നടക്കും.

വാർത്താസമ്മേളനത്തിൽ സ്വാഗതസംഘം ചെയർമാൻ എം. ഗംഗാധരൻ, കൺവീനർ തോമസ് അമ്പലവയൽ, വി. ഹരികുമാർ, വയനാട് പ്രകൃതി സംരക്ഷണ സമിതി പ്രസിഡൻറ് എൻ. ബാദുഷ, ബാബു മൈലമ്പാടി, അബു പൂക്കോട് എന്നിവർ സംബന്ധിച്ചു.

മാതൃഭൂമി 2017 • ജനുവരി 6 • വെള്ളിയാഴ്ച
www.mathrubhumi.com/localnews

# പൈതൃകസംരക്ഷണ സംഗമവും ചരിത്രസെമിനാറും നാളെ തുടങ്ങും

**കല്പറ്റ:** എടക്കൽ ഗുഹാ സംരക്ഷണ സമരത്തിൻെറ 30-ാം വാർഷികത്തിൻെറ ഭാഗമായി

ചരിത്രസെമിനാർ, സമരത്തിൽ പങ്കെടുത്തവരുടെ സംഗമം, അനുസ്മരണം എന്നിവ നടത്തുമെന്ന് സംഘാടകസമിതി ഭാരവാഹികൾ പത്രസമ്മേളനത്തിൽ പറഞ്ഞു.

ശനിയാഴ്ച 2.30-ന് അമ്പലവയൽ ഹോട്ടൽ മൗണ്ട് അവന്യൂവിൽ എം.പി. വീരേന്ദ്രകുമാർ എം.പി. സംഗമം ഉദ്ഘാടനം ചെയ്യും. ഞായറാഴ്ച രാവിലെ 10 മണിക്ക് എടക്കൽ പൈതൃകം സംരക്ഷണ സെമിനാർ പ്രൊഫ. എം.ജി.എസ്. നാരായണൻ ഉദ്ഘാടനം ചെയ്യും. കേന്ദ്ര ആർക്കിയോളജി വകുപ്പ് മുൻ ഡയറക്ടർ കെ.കെ. മുഹമ്മദ് മോഡറേറ്ററായിരിക്കും. എടക്കൽ പൈതൃകം എന്ന വിഷയം ഡോ. എം.ആർ. രാഘവവാര്യരും എടക്കൽ ഗുഹാചിത്രങ്ങളും വ്യാഖ്യാനങ്ങളും എന്ന വിഷയം ഡോ. രാജൻഗുരുക്കളും വയനാട്ടിലെ ജൈനസംസ്കൃതി ശ്രീജിത്തും അവതരിപ്പിക്കും. 2.30-ന് വയനാട്ടിലെ പൈതൃക സംരക്ഷണ ചിന്തയും ചർച്ചയും നടക്കും.

എടക്കൽ ഗുഹയടക്കമുള്ള വയനാട്ടിലെ പൈതൃക സ്മാരകങ്ങൾ സംരക്ഷിക്കുന്നതിനുള്ള കർമ പരിപാടികളും ആവിഷ്കരിക്കും. 4.30-ന് പി.ടി. സന്തോഷ്കുമാറിൻെറ എടക്കൽ ദ റോക്ക് മാജിക് എന്ന ഡോക്യുമെൻററി പ്രദർശിപ്പിക്കും.

എടക്കൽ ഗുഹ ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ ഏറ്റെടുക്കണമെന്ന് സമിതി ആവശ്യപ്പെട്ടു. 30 വർഷം മുമ്പ് പ്രകൃതിസ്നേഹികൾ ഗുഹയെ താത്കാലികമായി രക്ഷിച്ചെങ്കിലും ഇത് ഇപ്പോഴും നാശത്തിൻെറ വക്കിലാണ്. എടക്കൽ ഗുഹയെ ലോകപൈതൃക പട്ടികയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് വീണ്ടും പ്രക്ഷോഭരംഗത്തിറങ്ങും. ഡി.ടി.പി.സി. എടക്കൽ ഗുഹയെ കറവപ്പശുവായി മാറ്റിയിരിക്കുകയാണ്. ചെയർമാൻ എം. ഗംഗാധരൻ, കൺവീനർ തോമസ് അമ്പലവയൽ, വയനാട് പ്രകൃതി സംരക്ഷണസമിതി പ്രസിഡൻറ് എൻ. ബാദുഷ തുടങ്ങിയവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

KOZHIKODE
THE HINDU • TUESDAY, JANUARY 3, 2017

## Seminar on caves

**KALPETTA:** The Wayanad Prakruthi Samrakshana Samithi is organising a history seminar to commemorate the 30th anniversary of Edakkal caves conservation agitation at Hotel Mount Avenue auditorium at Ambalavayal on Sunday. M.G.S. Narayanan, former chairman, Indian Council of Historical Research, will inaugurate the programme at 10 a.m.

Call: 97446 59671, 94004 40668 or 85475 90222.

WD ■ ചന്ദ്രിക 03

## എടക്കൽ പൈതൃക സംരക്ഷണ സെമിനാർ അമ്പലവയലിൽ

സുൽത്താൻ ബത്തേരി: എടക്കൽ ഗുഹയുടെ സംരക്ഷണ സമരത്തിന്റെ മുപ്പതാം വാർഷികത്തിൽ വയനാട് പ്രകൃതി സംരക്ഷണസമിതി എടക്കൽ പൈതൃകസംരക്ഷണ സെമിനാർ നടത്തുന്നു. ജനുവരി 7, 8 തിയ്യതികളിൽ അമ്പലവയൽ മൗണ്ട് അവന്യൂവിൽ പ്രക്ഷോഭത്തിൽ പങ്കെടുത്തവരുടെ ഒത്ത് ചേരലും അനുസ്മരണവും നടത്തും. ശനിയാഴ്ച ഉച്ചക്ക് രണ്ട് മണിക്ക് ആരംഭിക്കുന്ന സെമിനാർ എം.പി വീരേന്ദ്രകുമാർ എം.പി ഉദ്ഘാടനം ചെയ്യും. പ്രൊ. ടി. മോഹൻ ബാബു, ബാബു മൈലമ്പാടി, ഡോ. പി ലക്ഷ്മണൻ, വി.ജി വിജയൻ, കോണിക്കൽ കാദർ, ഡോ. അമ്പി ചിറയിൽ, പി. യു ജോയി, കെ.പി അബ്ദുൽ വഹാബ് തുടങ്ങിയവർ സംസാരിക്കും. ഞായറാഴ്ച രാവിലെ 10 മണിക്ക് നടക്കുന്ന സെമിനാർ എം.ജി.എസ് നാരായണൻ ഉദ്ഘാടനം ചെയ്യും.

05 വ്യാഴം ജനുവരി 2017

# ‘എടയ്ക്കൽ ഗുഹ ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ ഏറ്റെടുക്കണം’

**വയനാട് പ്രകൃതി സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ സമരം നടത്തും**

കൽപറ്റ ● നാശത്തിന്റെ പാതയിലുള്ള എടയ്ക്കൽ ഗുഹയെ സംരക്ഷിക്കാൻ ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ ഏറ്റെടുത്ത് ലോക പൈതൃകപട്ടികയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് വയനാട് പ്രകൃതി സംരക്ഷണ സമിതി രണ്ടാം പൈതൃക സംരക്ഷണ പ്രക്ഷോഭങ്ങൾക്കും തുടക്കം കുറിച്ചുവെന്ന് ഭാരവാഹികൾ അറിയിച്ചു.

മൂന്നു പതിറ്റാണ്ട് മുൻപ് സമിതി നടത്തിയ സമരങ്ങളെ തുടർന്ന് എടയ്ക്കൽ ഗുഹയെയും ഗുഹ സ്ഥിതി ചെയ്യുന്ന അമ്പുകുത്തിമലനിരകളെയും സംരക്ഷിച്ചുവെങ്കിലും ഇവ ഇപ്പോഴും നാശത്തിന്റെ പാതയിലാണ്.

സമരത്തിന്റെ ഭാഗമായി ഏഴ്, എട്ട് തീയതികളിൽ അമ്പലവയൽ ഹോട്ട് മൗണ്ട് അവന്യൂവിൽ ചരിത്രസെമിനാറും പൈതൃക സംരക്ഷണ കൂടിച്ചേരലും നടത്തുമെന്ന് തോമസ് അമ്പലവയൽ, എൻ. ബാദുഷ, ബാബു മൈലമ്പാടി എന്നിവർ അറിയിച്ചു.

സാമൂഹികവിരുദ്ധരും സഞ്ചാരികളും മദ്യപസംഘങ്ങളും പാറ ചിത്രങ്ങൾ നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ക്വാറി മാഫിയ ഗുഹയെ തകർക്കാൻ ശ്രമിക്കുകയും ചെയ്തപ്പോഴാണ് സമിതി സമരങ്ങൾ നടത്തുകയും ജനങ്ങളിൽ നിന്ന് പണം സ്വരൂപിച്ച് ഇരുമ്പുഗേറ്റിട്ട് ഗുഹ പൂട്ടി താൽക്കാലിക സംരക്ഷണം ഏർപ്പെടുത്തുകയും താക്കോൽ ജില്ലാ ഭരണകൂടത്തെ ഏൽപിക്കുകയും ചെയ്തത്. എന്നാൽ, ഇവർ ഗുഹയെ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിനെ ഏൽപിക്കുകയായിരുന്നു. ഡിടിപിസി ഇപ്പോൾ എടയ്ക്കൽ ഗുഹയെ പണം സമ്പാദിക്കുന്ന കറവപ്പശുവായി മാത്രം കണക്കാക്കുകയാണ്.

ചരിത്രപണ്ഡിതനായ ഡോ. എം.ആർ.രാഘവവാരിയരുടെ നേതൃത്വത്തിൽ പരിസ്ഥിതി പ്രവർത്തകർ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് ശേഖരിച്ചതും ഖനനം ചെയ്തെടുത്തതുമായ പുരാവസ്തുക്കൾ കൊണ്ട് മഹത്തായ ലക്ഷ്യത്തോടെ തുടക്കം കുറിച്ച വയനാട് ഹെറിട്ടേജ് മ്യൂസിയവും തുടങ്ങിയിടത്തുനിന്ന് മുന്നോട്ടു കൊണ്ടുപോകാതെ ഡിടിപിസിയുടെ മറ്റൊരു പണസമ്പാദന കേന്ദ്രമാക്കിയെന്നും ആരോപിച്ചു.

## ● ഒത്തുചേരലും അനുസ്മരണവും നാളെ

എടയ്ക്കൽ ഗുഹ പൈതൃക സംരക്ഷണ പ്രക്ഷോഭത്തിന്റെ 30-ാം വാർഷികത്തിന്റെ ഭാഗമായി നാളെ ഉച്ചകഴിഞ്ഞ് 2.30ന് പ്രക്ഷോഭത്തിൽ പങ്കെടുത്തവരുടെ ഒത്തുചേരലും അനുസ്മരണവും നടത്തും. എം.പി.വീരേന്ദ്രകുമാർ എംപി പരിപാടി ഉദ്ഘാടനം ചെയ്യും. എട്ടിന് രാവിലെ 10ന് എടയ്ക്കൽ പൈതൃകം - സംരക്ഷണ ചരിത്രം സെമിനാറും, 2.30ന് വയനാടിന്റെ പൈതൃക സംരക്ഷണ ചിന്ത പരിപാടിയുമുണ്ടായിരിക്കും. സെമിനാറിലും പൈതൃക ചിന്തയിലും ഡോ. എം.ജി.എസ്. നാരായണൻ, ഡോ. രാജൻ ഗുരുക്കൾ, ഡോ. എം.ആർ. രാഘവവാരിയർ, കെ.കെ.മുഹമ്മദ്, പ്രഫ. ടി.മോഹൻബാബു, പ്രഫ. ശ്രീജിത്, ഡോ. ലക്ഷ്മണൻ എന്നിവർ പങ്കെടുക്കും.

‘എടയ്ക്കൽ ദ് റോക്ക് മാജിക്’ എന്ന ഡോക്യുമെന്ററി പ്രദർശനവും ഡോ. വിജയലക്ഷ്മി, സംവിധായകൻ പി.ടി.സന്തോഷ്കുമാർ എന്നിവരുമായുള്ള അഭിമുഖവും നടക്കും.

എടക്കൽ ഗുഹ

# ഡിടിപിസിയെ ഏൽപ്പിച്ചത് നിയമവിരുദ്ധം: വയനാട് പൈതൃക സംരക്ഷണ സമിതി

**എടക്കൽ ഗുഹയെയും പൈതൃക മ്യൂസിയത്തെയും ധനസമ്പാദത്തിനു ഉപയോഗപ്പെടുത്തുന്ന ഡിടിപിസി ഇവയുടെ സംരക്ഷണത്തിന് ഒന്നും ചെയ്യുന്നില്ലെന്ന് വിമർശനം**

**കൽപ്പറ്റ:** അതീവശ്രദ്ധയോടെ കാത്തുപരിപാലിക്കേണ്ട പാറച്ചിത്രങ്ങളടങ്ങിയ എടക്കൽ ഗുഹയും അമ്പലവയലിലെ പൈതൃക മ്യൂസിയവും ചരിത്രവുമായി പുലബന്ധം ഇല്ലാത്ത ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിനെ(ഡിടിപിസി) ഏൽപ്പിച്ചത് അധാർമികവും നിയമവിരുദ്ധവുമാണെന്ന് വയനാട് പൈതൃക സംരക്ഷണ സമിതി ആരോപിച്ചു.

വയനാടിന്റെ ഗതകാല സംസ്കൃതിയിലേക്കുള്ള ചൂണ്ടുപലകയാണ് എടക്കലിലെ ശിലാലിഖിതങ്ങൾ. എടക്കലിലെ പാറച്ചിത്രങ്ങളിൽ സൈന്ധവമുദ്രകളിലെ 12 ചിഹ്നങ്ങൾ ചരിത്രപണ്ഡിതൻ ഡോ.എം.ആർ. രാഘവവാര്യർ നടത്തിയ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. ചരിത്രകാരന്മാരും ജില്ലയിലെ സാമൂഹിക-പരിസ്ഥിതി പ്രവർത്തകരും ഏറെ വിയർപ്പൊഴുക്കി ശേഖരിച്ചതാണ് പൈതൃക മ്യൂസിയത്തിലുള്ള ചരിത്രാവശിഷ്ടങ്ങളും ഇതര വസ്തുക്കളും. എടക്കൽ ഗുഹയെയും പൈതൃക മ്യൂസിയത്തെയും ധനസമ്പാദത്തിനു ഉപയോഗപ്പെടുത്തുന്ന ഡിടിപിസി ഇവയുടെ സംരക്ഷണത്തിനു ഒന്നും ചെയ്യുന്നില്ലെന്ന് സമിതി വിമർശിച്ചു. എടക്കൽ ഗുഹ ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ ഉടമസ്ഥതയിലാക്കി സംരക്ഷിക്കുന്നതിനും ലോക പൈതൃപദവി നേടിയെടുക്കുന്നതിനും അടിയന്തരവും കാര്യക്ഷമവുമായ ഇടപെടൽ ആവശ്യപ്പെട്ട് കേന്ദ്ര-സംസ്ഥാന ഭരണാധികാരികൾക്ക് നിവേദനം നൽകാനും ഇത് ഫലം ചെയ്യുന്നില്ലെങ്കിൽ നിയമനടപടികൾ സ്വീകരിക്കാനും തീരുമാനിച്ചു.

എടക്കൽ, തൊവരി പാറച്ചിത്രങ്ങൾ, ജൈന ബസ്തികൾ, നന്നങ്ങാടികൾ, മുനിയറകൾ, വിജയനഗര സാമ്രാജ്യകാലത്തെ ശിൽപങ്ങൾ, ആദിമ ഗോത്രസംസ്കാരങ്ങൾ, പരമ്പരാഗത അറിവുകൾ, നാടൻ കന്നുകാലികൾ, തനത് വിത്തിനങ്ങൾ തുടങ്ങിയവ ജില്ലയുടെ പൈതൃകത്തിന്റെ ഭാഗമാണെന്ന് സമിതി വിലയിരുത്തി. ചെയർമാൻ എം. ഗംഗാധരൻ അധ്യക്ഷത വഹിച്ചു. കൺവീനർ തോമസ് അമ്പലവയൽ, ഡോ. പി. ലക്ഷ്മണൻ, പ്രഫ. ടി. മോഹൻബാബു, എൻ. ബാദുഷ, ബാബു മൈലമ്പാടി, ഡോ. അൻവർ, ഏച്ചോം ഗോപി, കെ. ഗോവിന്ദൻ എന്നിവർ പ്രസംഗിച്ചു.

മലയാള മനോരമ 2017 ജനുവരി 10 ചൊവ്വ



അമ്പലവയലിൽ നടന്ന 'എടയ്ക്കൽ പൈതൃകം, സംരക്ഷണ ചരിത്രം' എന്ന സെമിനാറിൽ എം.ജി.എസ്. നാരായണൻ സംസാരിക്കുന്നു. ഡോ. എം.ആർ. രാഘവ വാരിയർ, ആർക്കിയോളജി വകുപ്പ് മുൻ ഡയറക്ടർ കെ.കെ. മുഹമ്മദ് എന്നിവർ സമീപം

# എടയ്ക്കൽ പൈതൃക സെമിനാറും ഗുഹ സംരക്ഷണ സമരത്തിൽ പങ്കെടുത്തവരുടെ ഒത്തുചേരലും നടത്തി

അമ്പലവയൽ • എടയ്ക്കൽ ഗുഹയിലെ പാറചിത്രങ്ങളുടെ ചരിത്ര പ്രാധാന്യം ലോകം മനസ്സിലാക്കിയിട്ടില്ലെന്ന് എം.ജി.എസ്. നാരായണൻ അഭിപ്രായപ്പെട്ടു.

എടയ്ക്കൽ ഗുഹ സംരക്ഷണ സമരത്തിന്റെ 30-ാം വാർഷികാചരണത്തിന്റെ ഭാഗമായി വയനാട് പ്രകൃതി സംരക്ഷണ സമിതി സംഘടിപ്പിച്ച 'എടയ്ക്കൽ പൈതൃകം, സംരക്ഷണ ചരിത്രം' എന്ന സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മറ്റ് സ്ഥലങ്ങളിലെ ഗുഹാചിത്രങ്ങളിൽ നിന്ന് വ്യത്യസ്തമായി ശൈലീകൃത രൂപങ്ങളാണ് ഇവിടെയുള്ളത്.

എടയ്ക്കലിലെ ചിത്രങ്ങൾ നവീന ശിലായുഗത്തിൽ വരച്ചതാണെന്ന് തീർത്തുപറയാനാകില്ല.

അമ്പുകുത്തി മലനിരകളിൽ കരിങ്കൽ ഖനനം തുടർന്നിരുന്നുവെങ്കിൽ എടയ്ക്കൽ റോക് ഷെൽട്ടറും അതിലെ ചരിത്രപ്രാധാന്യമുള്ള ലിഖിതങ്ങളും കഥാവശേഷമാകുമായിരുന്നു.

എടയ്ക്കൽ ഗുഹാ സംരക്ഷണ പ്രവർത്തനങ്ങൾക്കെതിരായി നിന്നത് അന്നത്തെ മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ അടുത്തയാളുമായിരുന്നു.

ക്വാറി തൊഴിലാളികളുടെയും അവരെ നിയന്ത്രിക്കുന്ന രാഷ്ട്രീയ നേതാക്കളുടെയും താൽപര്യങ്ങൾക്കൊപ്പമായിരുന്നു അവർ. വയനാട് പ്രകൃതി സംരക്ഷണ സമിതി പ്രസിഡന്റ് എൻ. ബാദുഷ, ഡോ. എം.ആർ. രാഘവ വാരിയർ, എം. വിജയലക്ഷ്മി എന്നിവർ വിഷയങ്ങൾ അവതരിപ്പിച്ചു.

ആർക്കിയോളജി വകുപ്പ് മുൻ ഡയറക്ടർ കെ.കെ. മുഹമ്മദ് മോഡറേറ്ററായിരുന്നു. എം. ഗംഗാധരൻ, ജസ്റ്റിൻ എന്നിവർ പ്രസംഗിച്ചു.

നേരത്തേ എടയ്ക്കൽ ഗുഹയുട പൈതൃക സംരക്ഷണ സമരത്തിൽ പങ്കെടുത്തവരുടെ ഒത്തുചേരലും അനുസ്മരണവും നടത്തി. പി.സി. മോഹനൻ ഉദ്ഘാടനം ചെയ്തു.

ഡോ. പി. ലക്ഷ്മണൻ അധ്യക്ഷത വഹിച്ചു.

സി.വി. ജോയി, കെ.ജെ. ദേവസ്യ, കോണിക്കൽ ഖാദർ, ഡോ. അമ്പിചിറയിൽ, എൻ. ബാദുഷ, തോമസ് അമ്പലവയൽ, ബാബു മൈലമ്പാടി എന്നിവർ പ്രസംഗിച്ചു.

2017 ജനുവരി 9 തിങ്കൾ CLT/WL മംഗളം

# എടക്കൽ ഗുഹാ സംരക്ഷണം: 'മൂന്നു പതിറ്റാണ്ടു മുമ്പത്തെ പോരാട്ടം ഓർത്തുവെക്കേണ്ടത്'

കൽപ്പറ്റ: എടക്കൽ ഗുഹ സംരക്ഷണത്തിനുവേണ്ടി മൂന്നു പതിറ്റാണ്ടുമുമ്പ് വയനാട് പ്രകൃതി സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ നടന്നത് കാലം ഓർത്തുവെക്കേണ്ട പോരാട്ടമാണെന്ന് എം.പി. വിരേന്ദ്രകുമാർ എം.പി.

എടക്കൽ ഗുഹ സംരക്ഷണ സമരത്തിന്റെ മുപ്പതാം വാർഷികാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ച പ്രക്ഷോഭകാരികളുടെ ഒത്തുചേരൽ ഉദ്ഘാടനം ചെയ്യാമെന്ന് ഏറ്റിരുന്ന അദ്ദേഹം അതിനു കഴിയാത്ത സാഹചര്യത്തിൽ അയച്ച സന്ദേശത്തിലാണ് ഇങ്ങനെ പറഞ്ഞത്. എടക്കലിലെ പാറച്ചുവരുകളിൽ നൂറ്റാണ്ടുകൾ മുമ്പ് ആലേഖിതമായ ചിത്രങ്ങൾ കേരളത്തിലെയെന്നല്ല, ലോകത്തെങ്ങുമുള്ള ശിലാചിത്രങ്ങളേക്കാൾ സമ്പന്നമാണെന്ന ചരിത്രകാരന്മാരുടെ വിലയിരുത്തൽ ആധികാരികമാണ്. എടക്കൽ ഗുഹയെ കരിങ്കൽ ഗുഹ മാത്രമായാണ് പലരും കണ്ടിരുന്നത്. ഇവരിൽനിന്നാണ് ഗുഹയെ ഇന്നത്തെ നിലയിലെങ്കിലും സംരക്ഷിക്കാൻ കഴിഞ്ഞത്.

ചരിത്രപ്രാധാന്യമുള്ള ഈ ദൗത്യത്തിനായി പോരാടിയവർ നിരവധിയാണ്. ഇവർക്കുമുന്നിൽ താൻ തലകുനിക്കുന്നു. വയനാട്ടിലെ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജസ്വലമായി തുടരേണ്ടത് വെല്ലുവിളികൾ നിറഞ്ഞ ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ദശകങ്ങൾക്ക് മുമ്പുള്ള വയനാടല്ല ഇന്നുള്ളത്. അടിസ്ഥാനപരമായിത്തന്നെ പലതും മാറ്റിമറിക്കപ്പെട്ടു. പ്രകൃതിയുടെമേൽ വന്യമായ കടന്നാക്രമണം തുടരുകയാണ്. പഴയ വയനാടിനെ തിരിച്ചുപിടിക്കാൻ നിസ്വാർഥവും സുസംഘടിതവുമായ കഠിന പ്രയത്നം ആവശ്യമാണ്-സന്ദേശത്തിൽ പറയുന്നു.

വയനാട് പ്രകൃതി സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ 1986ൽ നടന്ന എടക്കൽ ഗുഹ സംരക്ഷണ പ്രക്ഷോഭത്തിൽ പങ്കാളികളായവർ അമ്പലവയൽ മൗണ്ട് അവന്യൂവിൽ ഒത്തുകൂടി. പ്രക്ഷോഭത്തിന്റെ മുപ്പതാം വാർഷികാചരണത്തിന്റെ ഭാഗമായാണ് ഒത്തുചേരൽ സംഘടിപ്പിച്ചത്. കർഷക മോർച്ച അഖിലേന്ത്യ സെക്രട്ടറി പി.സി. മോഹനൻ ഉദ്ഘാടനം ചെയ്തു. വയനാട് ഡയറ്റ് മുൻ പ്രിൻസിപ്പൽ ഡോ. പി. ലക്ഷ്മണൻ അധ്യക്ഷത വഹിച്ചു. കെ.ജെ. ദേവസ്യ, സി.വി. ജോയി, ഡോ. അമ്പി ചിറയിൽ, കോണിക്കൽ ഖാദർ, എൻ. ബാദുഷ, തോമസ് അമ്പലവയൽ എന്നിവർ പ്രസംഗിച്ചു. ബാബു മൈലമ്പാടി സ്വാഗതവും പി.യു. ജോയി നന്ദിയും പറഞ്ഞു.

2017 ഫെബ്രുവരി 3
വെള്ളി CLT / KNR
മംഗളം

# അമ്പുകുത്തിമലയിലെ കൈയേറ്റം: പ്രകൃതി സംരക്ഷണ സമിതി പരാതി നൽകി

കൽപ്പറ്റ: അമൂല്യ ചരിത്രസമ്പത്തായ എടക്കൽ ഗുഹ സ്ഥിതിചെയ്യുന്ന അമ്പുകുത്തിമലയിൽ അടുത്തിടെ നടന്ന കൈയേറ്റങ്ങൾക്കും ഗവ. ഉത്തരവ് ലംഘിച്ചുള്ള ട്രക്കിംഗിനുമെതിരെ വയനാട് പ്രകൃതി സംരക്ഷണ സമിതി സെക്രട്ടറി തോമസ് അമ്പലവയൽ ജില്ലാ കലക്ടർ ഡോ. ബി.എസ്. തിരുമേനി, സബ് കലക്ടർ വി.ആർ. പ്രേംകുമാർ എന്നിവർക്ക് പരാതി നൽകി.

അമ്പുകുത്തിമലയിൽ ഗോവിന്ദൻചിറയ്ക്കടുത്തുള്ള കാപ്പിത്തോട്ടത്തിനോടു ചേർന്നുള്ള റവന്യൂ ഭൂമി സ്വകാര്യവ്യക്തി അടിക്കാട് വെട്ടിയും കാട്ടുകല്ലിനു കയ്യാല കെട്ടിയും കൈവശപ്പെടുത്തിയിരിക്കയാണ്. ടൂറിസം വകുപ്പുകാർ മലമുളകിലേക്ക് വഴി വെട്ടുന്നുവെന്ന് തെറ്റിദ്ധരിപ്പിച്ചാണ് കൈയേറ്റമെന്നാണ് വിവരം.

സർക്കാരിന്റെ 423/2009 ഉത്തരവനുസരിച്ച് അമ്പുകുത്തിമലയിൽ ട്രക്കിംഗ് നിരോധിച്ചതാണ്. എന്നാൽ താഴ്‌വാരത്തുള്ള റിസോർട്ട് നടത്തിപ്പുകാർ മലമുകളിലേക്ക് ട്രക്കിംഗിനു സൗകര്യം ഒരുക്കുന്നുണ്ട്. കൈയേറിയ ഭൂമി തിരിച്ചുപിടിക്കാനും ട്രക്കിംഗ് കർശനമായി തടയാനും നടപടി ഉണ്ടാകണമെന്നും പരാതിയിൽ പറയുന്നു.

## വിദ്യാർഥികൾക്ക് മത്സരങ്ങൾ

മാനന്തവാടി: സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് വിദ്യാഭ്യാസ വകുപ്പിന്റെസഹകരണത്തോടെ നടത്തുന്ന കുട്ടികളുടെ ജൈവ വൈവിധ്യ കോൺഗ്രസ് മത്സര പരിപാടികൾ നാലിന് മാനന്തവാടി ജി.യു.പി. സ്കൂളിലും ബി.ആർ.സിയിലുമായി നടക്കും. യു.പി, ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗങ്ങളിലായി സെമിനാർ,പെയിന്റിങ്, പ്രസംഗം, പദ്യം ചൊല്ലൽ മത്സരങ്ങൾ ഉണ്ടായിരിക്കും. ഒന്നാംസ്ഥാനം ലഭിക്കുന്നവർക്ക് സംസ്ഥാന തലമത്സരത്തിൽ പങ്കെടുക്കാം.

ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിലെവിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. രജിസ്ട്രേഷൻ രാവിലെ 9.30ന്. കൂടുതൽവിവരങ്ങൾക്ക് ഫോൺ: 9645544383.

## ഫുട്ബോൾ മേള

മാനന്തവാടി: ചികിൽസാ ധനശേഖരണാർഥം തലപ്പുള ജോളി ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് തലപ്പുഴ എട്ടാം നമ്പർ ഫ്ലഡ് ലൈറ്റ് സ്റ്റേഡിയത്തിൽ നാല്, അഞ്ച് തിയതികളിൽ ഫൈവ്സ് ഫുട്ബോൾ മേള നടത്തും. 50,000 രൂപ പ്രൈസ്മണി നൽകും. ഫോൺ: 9744080221.

## സംഘാടക സമിതി യോഗം

മാനന്തവാടി: സംസ്ഥാന സീനിയർ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിന്റെ സംഘാടക സമിതി യോഗം അഞ്ചിന് രാവിലെ 11ന് ഡയാന ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കും.

KKD W 2017 ഫെബ്രുവരി 01 ബുധൻ ദീപിക 15

# ഭൂമിയെ നാശത്തിൽനിന്നു രക്ഷിക്കാൻ പരിസ്ഥിതിസൗഹൃദ ലളിതജീവിതം ശീലിക്കണം: ഡോ. എസ്. ശാന്തി

**കല്പറ്റ:** ഭൂമിയെ നാശത്തിൽനിന്നു രക്ഷിക്കാൻ മനുഷ്യർ പരിസ്ഥിതിസൗഹൃദ ലളിതജീവിതം ശീലിക്കണമെന്ന് പ്രശസ്ത പരിസ്ഥിതിപ്രവർത്തകയും ശാസ്ത്രജ്ഞയുമായ ഡോ. എസ്. ശാന്തി.

പരിസ്ഥിതി പ്രവർത്തകനുമായിയിരുന്ന കർഷകൻ വി.എം.ഹരിദാസിന്റെ സ്മരണാർഥം വയനാട് പ്രകൃതി സംരക്ഷണ സമിതി ജില്ലയിലെ മികച്ച പരിസ്ഥിതി സൗഹൃദ കർഷകന് ഏർപ്പെടുത്തിയ പുരസ്കാരം തൃക്കൈപ്പറ്റയിലെ എൻ.വി. കൃഷ്ണനു സമ്മാനിക്കുന്നതിനു നായ്ക്കെട്ടിയിൽ സംഘടിപ്പിച്ച ചടങ്ങിൽ പ്രഭാഷണം നടത്തുകയായിരുന്നു അവർ.

അഞ്ച് കൂട്ട വംശനാശങ്ങൾക്ക് സാക്ഷ്യവഹിച്ച ഭൂമി ആറാമത്തേതിന്റെ വക്കിലാണ്. ജീവജാതികളുടെ ത്വരിതഗതിയിലുള്ള തിരോധാനമാണ് നടന്നുകൊണ്ടിരിക്കുന്നത്.

ജീവന്റെ പരസ്പരബന്ധവും ആശ്രിതത്വവും നിലനിർത്തുകയും ലഭ്യമായ വിഭവങ്ങൾ സൗഹൃദത്തോടെ പങ്കിട്ട് ജീവിക്കാൻ ശീലിക്കുകയുമാണ് ഇപ്പോഴത്തെ പ്രതിസന്ധി മറികടക്കുന്നതിനുള്ള പോംവഴി. ഡോ. ശാന്തി പറഞ്ഞു.

അഗ്രികൾച്ചർ ടെക്നോളജി മാനേജ്മെന്റ് ഏജൻസി ഡപ്യൂട്ടി ഡയറക്ടർ കെ. ആശ പുരസ്കാര സമർപ്പണം നിർവഹിച്ചു. നൂൽപ്പുഴ പഞ്ചായത്ത് പ്രസിഡന്റ് കെ. ശോഭകൻകുമാർ അധ്യക്ഷനായിരുന്നു. ഡോ. അനിൽ സക്കറിയ, കെ.ജി. തങ്കപ്പൻ, എൻ.എ. ബഷീർ, ബാബു മൈലമ്പാടി, എൻ. ബാദുഷ, തോമസ് അമ്പലവയൽ,ഗോപാലകൃഷ്ണൻ, എം.ഗംഗാധരൻ എന്നിവർ പ്രസംഗിച്ചു.

മലയാള മനോരമ
2017 ഫെബ്രുവരി 1 ബുധൻ

# 'പരിസ്ഥിതി സൗഹൃദ ലളിത ജീവിതം ശീലിക്കണം'

നായ്ക്കട്ടി ● ഭൂമിയെ നാശത്തിൽ നിന്ന് രക്ഷിക്കാൻ മനുഷ്യർ പരിസ്ഥിതി സൗഹൃദ ലളിതജീവിതം ശീലിക്കണമെന്ന് പരിസ്ഥിതി പ്രവർത്തക ഡോ. എസ്. ശാന്തി അഭിപ്രായപ്പെട്ടു. വി.എം. ഹരിദാസിന്റെ സ്മരണയ്ക്കായി വയനാട് പ്രകൃതി സംരക്ഷണ സമിതി മികച്ച പരിസ്ഥിതി സൗഹൃദ കർഷകന് ഏർപ്പെടുത്തിയ പുരസ്കാരം എൻ.വി. കൃഷ്ണന് നൽകുകയായിരുന്നു അവർ. അഗ്രികൾച്ചർ ടെക്നോളജി മാനേജ്മെന്റ് ഏജൻസി ഡപ്യൂട്ടി ഡയറക്ടർ കെ. ആശ പുരസ്കാര സമർപ്പണം നിർവഹിച്ചു. നൂൽപുഴ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കെ. ശോഭൻകുമാർ അധ്യക്ഷത വഹിച്ചു. ഡോ. അനിൽ സക്കറിയ, കെ.ജി. തങ്കപ്പൻ, എൻ.എ. ബഷീർ, ബാബു മൈലമ്പാടി, എൻ. ബാദുഷ, തോമസ് അമ്പലവയൽ, ഗോപാലകൃഷ്ണൻ, എം. ഗംഗാധരൻ എന്നിവർ പ്രസംഗിച്ചു.

മംഗളം 2017 ഫെബ്രുവരി 1 ബുധൻ LG

# പരിസ്ഥിതി സൗഹൃദ ജീവിതം ശീലിക്കണം: ഡോ.എസ്. ശാന്തി

കൽപ്പറ്റ: ഭൂമിയെ നാശത്തിൽ നിന്നു രക്ഷിക്കാൻ മനുഷ്യർ പരിസ്ഥിതി സൗഹൃദ ലളിത ജീവിതം ശീലിക്കണമെന്ന് പ്രശസ്ത പരിസ്ഥിതി പ്രവർത്തകയും ശാസ്ത്രജ്ഞയുമായ ഡോ. എസ്. ശാന്തി. പരിസ്ഥിതി പ്രവർത്തകനായിരുന്ന കർഷകൻ വി.എം.ഹരിദാസിന്റെ സ്മരണാർഥം വയനാട് പ്രകൃതി സംരക്ഷണ സമിതി ജില്ലയിലെ മികച്ച പരിസ്ഥിതി സൗഹൃദ കർഷകന് ഏർപ്പെടുത്തിയ പുരസ്കാരം തൃക്കൈപ്പറ്റയിലെ എൻ.വി. കൃഷ്ണനു സമ്മാനിക്കുന്ന ചടങ്ങിൽ പ്രഭാഷണം നടത്തുകയായിരുന്നു അവർ.

അഞ്ച് കൂട്ട വംശനാശങ്ങൾക്ക് സാക്ഷ്യവഹിച്ച ഭൂമി ആറാമത്തേതിന്റെ വക്കിലാണ്.


ജീവജാതികളുടെ ത്വരിതഗതിയിലുള്ള തിരോധാനമാണ് നടന്നുകൊണ്ടിരിക്കുന്നത്. ജീവന്റെ പരസ്പരബന്ധവും ആശ്രിതത്വവും നിലനിർത്തുകയും ലഭ്യമായ വിഭവങ്ങൾ സൗഹൃദത്തോടെ പങ്കിട്ട് ജീവിക്കാൻ ശീലിക്കുകയുമാണ് ഇപ്പോഴത്തെ പ്രതിസന്ധി മറികടക്കുന്നതിനുള്ള പോംവഴിയെന്ന് എസ്. ശാന്തി പറഞ്ഞു.

അഗ്രികൾച്ചർ ടെക്നോളജി മാനേജ്മെന്റ് ഏജൻസി ഡപ്യൂട്ടി ഡയറക്ടർ കെ. ആശ പുരസ്കാര സമർപ്പണം നിർവഹിച്ചു. നൂൽപ്പുഴ പഞ്ചായത്ത് പ്രസിഡന്റ് കെ. ശോഭകൻകുമാർ അധ്യക്ഷനായിരുന്നു. ഡോ. അനിൽ സക്കറിയ, കെ.ജി. തങ്കപ്പൻ, എൻ.എ. ബഷീർ, ബാബു മൈലമ്പാടി, എൻ. ബാദുഷ, തോമസ് അമ്പലവയൽ,ഗോപാലകൃഷ്ണൻ, എം.ഗംഗാധരൻ എന്നിവർ പ്രസംഗിച്ചു.

മംഗളം 2017 ജനുവരി 24 ചൊവ്വ CLT/KNR

# എൻ.വി. കൃഷ്ണന് ഹരിദാസ് സ്മാരക അവാർഡ്

കൽപ്പറ്റ: പരിസ്ഥിതി പ്രവർത്തകനായിരുന്ന വി.എം. ഹരിദാസിന്റെ സ്മരണാർഥം ജില്ലയിലെ മികച്ച പരിസ്ഥിതി സൗഹൃദ കർഷകന് വയനാട് പ്രകൃതി സംരക്ഷണ സമിതി ഏർപ്പെടുത്തിയ രണ്ടാമത് പുരസ്കാരത്തിനു തൃക്കൈപ്പറ്റ വെള്ളംകൊല്ലി എൻ.വി. കൃഷ്ണൻ അർഹനായി. മീനങ്ങാടി ആർ.എ.എച്ച്.സി. അസിസ്റ്റന്റ് പ്രൊജക്ട് ഓഫീസർ ഡോ. അനിൽ സക്കറിയ, സീറോ ബജറ്റ് ഫാർമേഴ്സ് അസോസിയേഷൻ സംസ്ഥാന സെക്രട്ടറി സി.എ. ഗോപാലകൃഷ്ണൻ, പരിസ്ഥിതി പ്രവർത്തകൻ ബാബു മൈലമ്പാടി എന്നിവരടങ്ങുന്ന സമിതിയാണ് പുരസ്കാര ജേതാവിനെ തെരഞ്ഞെടുത്തത്. 5,000 രൂപയും പ്രശസ്തിപത്രവും ഫലകവും ഉൾപ്പെടുന്ന അവാർഡ് 29ന് ഉച്ച കഴിഞ്ഞ് രണ്ടിന് ബത്തേരി നായ്ക്കെട്ടിയിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽ ആത്മ ഡപ്യൂട്ടി ഡയറക്ടർ ഡോ. കെ. ആശ സമ്മാനിക്കുമെന്ന് പ്രകൃതി സംരക്ഷണ സമിതി പ്രസിഡന്റ് എൻ. ബാദുഷ, സെക്രട്ടറി തോമസ് അമ്പലവയൽ എന്നിവർ അറിയിച്ചു.



---■ കൃഷ്ണൻ-

പ്രകൃതിക്ക് ഇണങ്ങുന്ന കൃഷിരീതികൾ അനുവർത്തിക്കുന്ന കൃഷ്ണൻ അറിയപ്പെടുന്ന വന്യജീവി ഫോട്ടോഗ്രാഫറുമാണ്. ഒന്നര ഏക്കർ കരയും രണ്ടര ഏക്കർ വയലും അടങ്ങുന്നതാണ് കൃഷ്ണന്റെ കൃഷിഭൂമി. ഒരു പതിറ്റാണ്ടിലധികമായി ജൈവമുറയിലാണ് കൃഷി. രാസവളങ്ങളെയും രാസ കീടനാശിനികളെയും തൊടിക്കുപുറത്തു നിർത്തിയ കൃഷ്ണൻ പശുവിന്റെ ചാണകവും മൂത്രവും മാത്രമാണ് വളവും കീടനാശിനിയുമായി ഉപയോഗിക്കുന്നത്. കൃഷിയിടത്തിലുള്ള പക്ഷികളുടെയും ഇതര ജീവികളുടെയും പ്രജനനകേന്ദ്രങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള കൃഷിയാണ് ഇദ്ദേഹം നടത്തിവരുന്നത്.

പക്ഷികൾ, പൂമ്പാറ്റകൾ, നിശാശലഭങ്ങൾ, ഞണ്ടുകൾ, പാമ്പുകൾ, തവളകൾ തുടങ്ങി സ്വന്തം കൃഷിയിടത്തിലും പരിസരങ്ങളിലുമായി കണ്ട 500 ലധികം ജീവികളെ കൃഷ്ണൻ ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്. കൃഷിയിടത്തിലെ ജൈവവൈവിധ്യത്തെക്കുറിച്ച് പഠിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുന്ന അപൂർവം കർഷകരുടെ പട്ടികയിലാണ് കൃഷ്ണനു സ്ഥാനം. പ്രകൃതിസൗഹൃദ കൃഷിയെക്കുറിച്ച് പരിസരങ്ങളിലുള്ള കർഷകരെ ബോധവത്കിരക്കുന്നതിനു സമയം കണ്ടെത്തുന്ന കൃഷ്ണൻ വിദ്യാർഥികൾക്ക് കാർഷിക പരിശീലനവും നൽകുന്നുണ്ട്.

സംഗീതാധ്യാപികയായ ഭാര്യ ജയയും അപർണ, അഭിരാമി എന്നീ മക്കളും അടങ്ങുന്നതാണ് 54 കാരനായ കൃഷ്ണന്റെ കുടുംബം.

മലയാള മനോരമ
2017 ജനുവരി 24

# എൻ.വി. കൃഷ്ണന് പരിസ്ഥിതി അവാർഡ്



എൻ.വി. കൃഷ്ണൻ

കൽപറ്റ • പരിസ്ഥിതി പ്രവർത്തകനായിരുന്ന വി.എം. ഹരിദാസിന്റെ സ്മരണയ്ക്കായി ജില്ലയിലെ മികച്ച പരിസ്ഥിതി സൗഹൃദ കർഷകന് വയനാട് പ്രകൃതി സംരക്ഷണ സമിതി ഏർപെടുത്തിയ പുരസ്കാരത്തിന് തൃക്കൈപ്പറ്റ വെള്ളംകൊല്ലി എൻ.വി. കൃഷ്ണൻ അർഹനായി. 5,000 രൂപയും പ്രശസ്തിപത്രവും ഫലകവം ഉൾപെടുന്ന അവാർഡ് 29ന് ഉച്ചയ്ക്ക് ശേഷം രണ്ടിന് ബത്തേരി നായ്ക്കട്ടിയിൽ നടക്കുന്ന ചടങ്ങിൽ ആത്മ ഡപ്യൂട്ടി ഡയറക്ടർ ഡോ. കെ. ആശ നൽകും. പ്രകൃതിക്ക് ഇണങ്ങുന്ന കൃഷിരീതികൾ അനുവർത്തിക്കുന്ന കൃഷ്ണൻ അറിയപ്പെടുന്ന വന്യജീവി ഫൊട്ടോഗ്രഫറുമാണ്. ഒരു പതിറ്റാണ്ടിലധികമായി ജൈവരീതിയിലാണ് കൃഷി. സംഗീതാധ്യാപികയായ ജയയാണ് ഭാര്യ. അപർണ, അഭിരാമി എന്നിവരാണ് മക്കൾ.

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1020 | 40185 | VELOM | ROKPT | 18515266000708 | PRASUL KUMAR | 11-04-2008 | 38000 | 64667 | 8504 | 56163 | 13-04-2015 | SSA |
| 1021 | 40185 | VELOM | ROKPT | 18515266000608 | SAJIDA C M | 07-04-2008 | 200000 | 397280 | 128128 | 269152 | 07-04-2015 | SSA |
| 1022 | 40185 | VELOM | ROKPT | 18515266000408 | NIKHIL C P | 11-02-2008 | 40000 | 63610 | 6192 | 57418 | 13-04-2015 | SSA |
| 1023 | 40185 | VELOM | ROKPT | 18515266000308 | RAJEESH V P | 28-01-2008 | 150000 | 329165 | 117521 | 211644 | 28-04-2015 | SSA |
| 1024 | 40185 | VELOM | ROKPT | 18515266000108 | NEETHU S | 16-01-2008 | 100000 | 166601 | 28316 | 138285 | 17-03-2015 | SSA |
| 1025 | 40185 | VELOM | ROKPT | 18515266001907 | SANDEEP T M | 21-12-2007 | 200000 | 253813 | 13401 | 240412 | 20-06-2015 | SSA |
| 1026 | 40185 | VELOM | ROKPT | 18515266001807 | DILSATH | 07-12-2007 | 328000 | 617908 | 188163 | 429745 | 07-04-2015 | SSA |
| 1027 | 40185 | VELOM | ROKPT | 18515266000807 | NIDHILA A P | 10-08-2007 | 132000 | 229948 | 36979 | 192969 | 11-04-2015 | SSA |
| 1028 | 40185 | VELOM | ROKPT | 18515265000407 | SREESHAD K | 17-02-2007 | 100000 | 130479 | 6027 | 124452 | 18-04-2015 | SSA |
| 1029 | 40185 | VELOM | ROKPT | 18515265000507 | SANTHOSH PK | 17-02-2007 | 30000 | 4194 | 1 | 4193 | 17-08-2015 | SSA |
| 1030 | 40185 | VELOM | ROKPT | 18515265000307 | PRIYESH R | 24-01-2007 | 28000 | 49607 | 1875 | 47732 | 24-04-2015 | SSA |
| 1031 | 40185 | VELOM | ROKPT | 18515265000107 | BALAKRISHNAN | 06-01-2007 | 113000 | 296343 | 115152 | 181191 | 05-06-2015 | SSA |
| 1032 | 40185 | VELOM | ROKPT | 18515265002506 | SABITH | 15-12-2006 | 300000 | 400878 | 14263 | 386615 | 18-05-2015 | SSA |
| 1033 | 40185 | VELOM | ROKPT | 18515265002406 | SOUMYA | 01-12-2006 | 65000 | 58081 | 5730 | 52351 | 01-07-2015 | SSA |
| 1034 | 40185 | VELOM | ROKPT | 18515265002306 | SOBHANA A K | 14-11-2006 | 200000 | 212138 | 18973 | 193165 | 16-05-2015 | SSA |
| 1035 | 40185 | VELOM | ROKPT | 18515265002006 | SARATH SREE | 07-10-2006 | 62500 | 58991 | 3100 | 55891 | 06-08-2015 | SSA |
| 1036 | 40185 | VELOM | ROKPT | 18515265001806 | MOIDU | 04-10-2006 | 95000 | 170418 | 16507 | 153911 | 03-02-2015 | SSA |
| 1037 | 40185 | VELOM | ROKPT | 18515265001906 | SURENDRAN | 04-10-2006 | 70000 | 50746 | 608 | 50138 | 03-08-2015 | SSA |
| 1038 | 40185 | VELOM | ROKPT | 18515265001606 | KUNHIRAMAN | 16-09-2006 | 115000 | 188394 | 19005 | 169389 | 18-05-2015 | SSA |
| 1039 | 40185 | VELOM | ROKPT | 18515265000806 | BHAVYA | 07-07-2006 | 50000 | 142660 | 82270 | 60390 | 07-04-2015 | SSA |
| 1040 | 40185 | VELOM | ROKPT | 18515265000706 | SAJILATHA | 14-06-2006 | 40000 | 39377 | 1812 | 37565 | 15-04-2015 | SSA |
| 1041 | 40185 | VELOM | ROKPT | 18515265000506 | KUMARAN P | 07-04-2006 | 55000 | 149280 | 81029 | 68251 | 08-04-2015 | SSA |
| 1042 | 40185 | VELOM | ROKPT | 18515265000406 | BAGYA RAJ | 11-03-2006 | 25000 | 4572 | 56 | 4516 | 10-08-2015 | SSA |
| 1043 | 40185 | VELOM | ROKPT | 18515265000106 | SHIHABUDEEN M | 11-02-2006 | 400000 | 920977 | 303188 | 617789 | 09-06-2015 | SSA |
| 1044 | 40185 | VELOM | ROKPT | 18515265000205 | KUNHIRAMAN | 30-08-2005 | 40000 | 122618 | 68454 | 54164 | 29-06-2015 | SSA |
| 1045 | 40190 | PADICHIRA | ROKPT | 19015265001211 | ANJU GEORGE | 21-02-2011 | 380000 | 465572 | 70378 | 395194 | 20-06-2015 | SSA |
| 1046 | 40190 | PADICHIRA | ROKPT | 19015265001111 | SANDHYA K T | 19-02-2011 | 180000 | 223311 | 42533 | 180778 | 18-06-2015 | SSA |
| 1047 | 40190 | PADICHIRA | ROKPT | 19015265000311 | LINCE A ANTONY | 05-01-2011 | 350000 | 435745 | 71238 | 364507 | 04-08-2015 | SSA |
| 1048 | 40190 | PADICHIRA | ROKPT | 19015265002410 | CHINCHU MANO | 29-12-2010 | 135000 | 132715 | 22672 | 110043 | 29-07-2015 | SSA |
| 1049 | 40190 | PADICHIRA | ROKPT | 19015265002110 | SARJU SEBASTIAN | 20-11-2010 | 89000 | 111737 | 19375 | 92362 | 21-04-2015 | SSA |
| 1050 | 40190 | PADICHIRA | ROKPT | 19015265001610 | SHITHA M S | 29-10-2010 | 230000 | 294066 | 48151 | 245915 | 30-04-2015 | SSA |
| 1051 | 40190 | PADICHIRA | ROKPT | 19015265001510 | SHARI S NAIR | 25-10-2010 | 240000 | 306147 | 48055 | 258092 | 27-04-2015 | SSA |
| 1052 | 40190 | PADICHIRA | ROKPT | 19015265000910 | SHIMIL ULAHANN | 10-07-2010 | 300000 | 378882 | 37647 | 341235 | 12-05-2015 | SSA |

ദീപിക
THE FIRST MALAYALAM DAILY ESTD. 1887
24
2017 ജനുവരി
ചൊവ്വ
1192 മകരം 11
കോഴിക്കോട്
പേജ് 14 • വില 6.50

# എൻ.വി. കൃഷ്ണന് ഹരിദാസ് സ്മാരക പരിസ്ഥിതി അവാർഡ്

**കൽപ്പറ്റ:** പരിസ്ഥിതി പ്രവർത്തകനായിരുന്ന വി.എം. ഹരിദാസിന്റെ സ്മരണാർഥം ജില്ലയിലെ മികച്ച പരിസ്ഥിതി സൗഹൃദ കർഷകന് വയനാട് പ്രകൃതി സംരക്ഷണ സമിതി ഏർപ്പെടുത്തിയ രണ്ടാമത് പുരസ്കാരത്തിനു തൃക്കൈപ്പറ്റ വെള്ളംകൊല്ലി എൻ.വി. കൃഷ്ണൻ അർഹനായി.



എൻ.വി. കൃഷ്ണൻ

മീനങ്ങാടി ആർഎഎച്ച്സി അസിസ്റ്റന്റ് പ്രൊജക്ട് ഓഫീസർ ഡോ. അനിൽ സക്കറിയ, സീറോ ബജറ്റ് ഫാർമേഴ്സ് അസോസിയേഷൻ സംസ്ഥാന സെക്രട്ടറി സി.എ. ഗോപാലകൃഷ്ണൻ, പരിസ്ഥിതി പ്രവർത്തകൻ ബാബു മൈലമ്പാടി എന്നിവരടങ്ങുന്ന സമിതിയാണ് പുരസ്കാരജേതാവിനെ തെരഞ്ഞെടുത്തത്.

5,000 രൂപയും പ്രശസ്തിപത്രവും ഫലകവും ഉൾപ്പെടുന്ന അവാർഡ് 29ന് ഉച്ചകഴിഞ്ഞ് രണ്ടിന് ബത്തേരി നായ്ക്കെട്ടിയിൽ സംഘടിപ്പിക്കുന്ന ചടങ്ങിൽ ആത്മ ഡപ്യൂട്ടി ഡയറക്ടർ ഡോ. കെ. ആശ സമ്മാനിക്കുമെന്ന് പ്രകൃതി സംരക്ഷണ സമിതി പ്രസിഡന്റ് എൻ. ബാദുഷ, സെക്രട്ടറി തോമസ് അമ്പലവയൽ എന്നിവർ അറിയിച്ചു.

പ്രകൃതിക്ക് ഇണങ്ങുന്ന കൃഷിരീതികൾ അനുവർത്തിക്കുന്ന കൃഷ്ണൻ അറിയപ്പെടുന്ന വന്യജീവി ഫോട്ടോഗ്രാഫറുമാണ്. ഒന്നര ഏക്കർ കരയും രണ്ടര ഏക്കർ വയലും അടങ്ങുന്നതാണ് കൃഷ്ണന്റെ കൃഷിഭൂമി.

ഒരു പതിറ്റാണ്ടിലധികമായി ജൈവമുറയിലാണ് കൃഷി. രാസവളങ്ങളെയും രാസ കീടനാശിനികളെയും തൊടിക്കുപുറത്തു നിർത്തിയ കൃഷ്ണൻ പശുവിന്റെ ചാണകവും മൂത്രവും മാത്രമാണ് വളവും കീടനാശിനിയുമായി ഉപയോഗിക്കുന്നത്.

കൃഷിയിടത്തിലുള്ള പക്ഷികളുടെയും ഇതര ജീവികളുടെയും പ്രജനനകേന്ദ്രങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള കൃഷിയാണ് ഇദ്ദേഹം നടത്തിവരുന്നത്. പക്ഷികൾ, പൂമ്പാറ്റകൾ, നിശാശലഭങ്ങൾ, ഞണ്ടുകൾ, പാമ്പുകൾ, തവളകൾ തുടങ്ങി സ്വന്തം കൃഷിയിടത്തിലും പരിസരങ്ങളിലുമായി കണ്ട 500 ലധികം ജീവികളെ കൃഷ്ണൻ ഡോക്യുമെന്റ് ചെയ്തിട്ടുണ്ട്.

പ്രകൃതിസൗഹൃദ കൃഷിയെക്കുറിച്ച് പരിസരങ്ങളിലുള്ള കർഷകരെ ബോധവത്കിരക്കുന്നതിനു സമയം കണ്ടെത്തുന്ന കൃഷ്ണൻ വീദ്യാർഥികൾക്ക് കാർഷിക പരിശീലനവും നൽകുന്നുണ്ട്. സംഗീതാധ്യാപികയായ ഭാര്യ ജയയും അപർണ, അഭിരാമി എന്നീ മക്കളും അടങ്ങുന്നാണ് 54 കാരനായ കൃഷ്ണന്റെ കുടുംബം.

# രവീന്ദ്രൻ തമ്പി വയനാടൻ ജനത നെഞ്ചോടുചേർത്ത ഭരണാധികാരി

**കൽപ്പറ്റ:** വയനാടൻ ജനത നെഞ്ചോടുചേർത്ത ജില്ലാ ഭരണാധികാരിയായിരുന്നു ഞായറാഴ്ച തിരുവനന്തപുരത്ത് അന്തരിച്ച ടി. രവീന്ദ്രൻ തമ്പി. രണ്ട് തവണയായി മൂന്ന് വർഷത്തോളം മാത്രമാണ് ജില്ലാ കലക്ടറുടെ പദവിയിലുണ്ടായിരുന്നതെങ്കിലും എല്ലാ വിഭാഗം ജനങ്ങളുടെയും വിശ്വാസവും ആദരവും പിടിച്ചുപറ്റാൻ അദ്ദേഹത്തിനായി. ജില്ലയുടെ ചരിത്രത്തിൽ ജനങ്ങളിലേക്കിറങ്ങി പ്രവർത്തിച്ച പ്രഥമ കളക്ടറായാണ് രവീന്ദ്രൻ തമ്പി അറിയപ്പെടുന്നത്. ജനങ്ങൾക്ക് ഏതാവശ്യത്തിനും ഏപ്പോഴും പ്രാപ്യനായിരുന്ന ഉദ്യോഗസ്ഥനായിരുന്നു അദ്ദേഹം. വയനാടിനെയും വയനാട്ടുകാരെയും രവീന്ദ്രൻ തമ്പി അകമഴിഞ്ഞ് സ്നേഹിച്ചിരുന്നു. ഈ സ്നേഹം അടയാളപ്പെടുത്തുന്നതിനാണ് അദ്ദേഹം തിരുവന്തപുരം മ്യൂസിയം വളപ്പിലെ വീടിനോടുചേർന്നുള്ള ഔട്ട് ഹൗസിന് 'വയനാട്' എന്ന് നാമകരണം ചെയ്തതുപോലും. ജില്ലയിൽനിന്ന് വിവിധ ആവശ്യങ്ങൾക്ക് തലസ്ഥാനത്ത് എത്തിയിരുന്നവരിൽ ചിലർക്കെങ്കിലും ഈ ഔട്ട് ഹൗസ് സ്വന്തം വീടുതന്നെയായിരുന്നു.



*രവീന്ദ്രൻ തമ്പിക്ക് 1987 ഫെബ്രുവരിയിൽ അമ്പലവയലിൽ നൽകിയ യാത്രയയപ്പ്(ഫയൽ).*

സന്ദിഗ്ധഘട്ടങ്ങളിൽ വയനാടിന്റെ പൊതുവായ താത്പര്യങ്ങൾക്കൊത്ത് രവീന്ദ്രൻ തമ്പി ചുവടുവച്ചതാണ് ജില്ലയിലെ അമൂല്യമെന്ന് വിശേഷിപ്പിക്കാവുന്ന പൈതൃകസമ്പത്തായ എടക്കൽ ഗുഹയുടെയും അതിലെ പാറച്ചിത്രങ്ങളുടെയും സംരക്ഷണത്തിനു ഒരളവോളം ഉതകിയത്. അമ്പലവയലിലെ വയനാട് പൈതൃക മ്യൂസിയത്തിന്റെ യഥാർഥ ശിൽപിയും രവീന്ദ്രൻ തമ്പിയാണ്. അമ്പുകുത്തി മലയിൽ കരിങ്കൽ ഖനനം നിരോധിച്ച് എടക്കൽ ഗുഹയുടെ സമ്പൂർണനാശം ഒഴിവാക്കിയതിലൂടെ രവീന്ദ്രൻ തമ്പി എന്ന ചരിത്രസ്നേഹി വയനാടിനും കേരളത്തിനും മാത്രമല്ല, ലോകത്തിനാകെയാണ് വിലമതിക്കാനാകാത്ത സംഭവന നൽകിയത്. സർക്കാരിനെ നിയന്ത്രിക്കുന്ന രാഷ്ട്രീയ നേതാക്കളുടെ താത്പര്യങ്ങളെ അവഗണിച്ച് തീരുമാനമെടുക്കാൻ ജില്ലാ കളക്ടർ എന്ന നിലയിൽ രവീന്ദ്രൻ തമ്പി തന്റേടം കാട്ടിയിരുന്നില്ലെങ്കിൽ എടക്കൽ ഗുഹ എന്നോ കഥാവശേഷമാകുമായിരുന്നു. നിബിഡ വനത്തിലടക്കം ചിതിറക്കിടന്നിരുന്ന, വയനാടിന്റെ ചരിത്ര-സാംസ്കാരിക ശേഷിപ്പുകളാണ് രവീന്ദ്രൻ തമ്പിയുടെയും ചരിത്രകാരന്മാരായ ഡോ. എം.ആർ. രാഘവവാര്യർ, ഡോ. എം.ജി.എസ് നാരായണൻ, ഡോ. രാജൻ ഗുരുക്കൾ, വയനാട് പ്രകൃതി സംരക്ഷണ സമിതി പ്രവർത്തകരായ തോമസ് അമ്പലവയൽ, കെ.പി. അബ്ദുൽ വഹാബ്, എൻ. ബാദുഷ തുടങ്ങിയവരുടെയും ശ്രമഫലമായി പിൽക്കാലത്ത് വയനാട് പൈതൃക മ്യൂസിയത്തിന്റെ ഭാഗമായത്.

1986 മാർച്ചിൽ ജില്ലാ കലക്ടറായി ചുമതലയേറ്റ രവീന്ദ്രൻ തമ്പിക്ക് ഒരു വർഷം തികയുംമുമ്പേ ചുരമിറങ്ങേണ്ടിവന്നു. എടക്കൽ ഗുഹാസംരക്ഷണത്തിനായി അമ്പകുത്തി മലനിരകളിൽ കരിങ്കൽ ഖനനം നിരോധിച്ചതിൽ ഭരണനേതൃത്വത്തിനുണ്ടായ അതൃപ്തിയാണ് കളക്ടറുടെ സ്ഥലംമാറ്റത്തിൽ കലാശിച്ചത്. രവീന്ദ്രൻ തമ്പി കലക്ടറായിരിക്കെയായിരുന്നു സിവിൽസ്റ്റേഷൻ ശിലാസ്ഥാപനം. കെട്ടിടത്തിനു തറക്കല്ലിടാനെത്തിയ അന്നത്തെ മുഖ്യമന്ത്രി കെ. കരുണാകരൻ ക്വാറി നിരോധനത്തിന്റെ പേരിൽ രവീന്ദ്രൻ തമ്പിയെ പരസ്യമായി ശകാരിച്ചു. ക്വാറി ഉടമകൾ പ്രദേശിക രാഷ്ട്രീയ നേതാക്കളിലുടെ ചെലുത്തിയ സമ്മർദമാണ് മുഖ്യമന്ത്രി ജില്ലാ ഭരണാധികാരിയെ ജനങ്ങളുടെ മുമ്പാകെ ശാസിക്കുന്നതിൽ എത്തിച്ചത്. അന്ന് ചടങ്ങിനിടെ നെഞ്ചുവേദന അനുഭവപ്പെട്ട് തളർന്നുവീണ രവീന്ദ്രൻ തമ്പിയെ ആംബുലൻസിലാണ് കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലെത്തിച്ചത്. സർക്കാരിന്റെ സമ്മർദത്തെത്തുടർന്ന് ക്വാറി നിരോധന ഉത്തരവ് പിൻവലിക്കാൻ രവീന്ദ്രൻ തമ്പി നിർബന്ധിതനായി. വൈകാതെ അദ്ദേഹത്തിനു സ്ഥലംമാറ്റവും ലഭിച്ചു.

സ്ഥലംമാറിപ്പോകുന്ന കലക്ടർക്ക് കൽപ്പറ്റ ജിനചന്ദ്ര ഓഡിറ്റോറിയത്തിൽ ജില്ലാ സ്കൂൾ ഗെയിംസ് അസോസിയേഷന്റെ നേതൃത്വത്തിൽ നൽകിയ യാത്രയയപ്പ് വികാരഭരിതമായിരുന്നു. ചടങ്ങിനെത്തിയ ആദിവാസി സ്ത്രീകളിൽ ചിലർ വേദിയിൽ കയറി കലക്ടറുടെ കാൽ തൊട്ടു വന്ദിച്ചത് സദസിലുണ്ടായിരുന്നവരിൽ പലരുടെയും കണ്ണുനിറച്ചു. നീർപൊടിയുന്ന മിഴികളുമായാണ് കലക്ടറും വേദി വിട്ടത്.

1990ൽ എൽ ഡി എഫ് സർക്കാരിന്റെ ഭരണകാലത്തായിരുന്നു ജില്ലാ കലക്ടറുടെ കസേരയിൽ രവീന്ദ്രൻ തമ്പിക്ക് രണ്ടാം ഊഴം. അപ്പോഴേക്കും വയനാട്ടിലെ പരിസ്ഥിതി പ്രവർത്തകരുടെയും പ്രൊഫ. എം ജി എസ് നാരായണന്റെ നേതൃത്വത്തിൽ കാലിക്കറ്റ് സർവകലാശാല ചരിത്ര വിഭാഗം നടത്തിയ പരിശ്രമങ്ങളുടെയും ഫലമായി പ്രധാനമന്ത്രിയുടെ ഓഫീസ് ഇടപെട്ട് എടക്കൽ ഗുഹാപരിസരത്ത് ഖനനം നിരോധിച്ചിരുന്നു. ജനകീയ വിഷയങ്ങളിൽ മുമ്പത്തേതുപോലെ മുഴുകുന്നതിനിടയിലാണ് രവീന്ദ്രൻ തമ്പി വയനാടിന്റെ ചരിത്ര-സാംസ്കാരിക ശേഷിപ്പുകളുടെ സംരക്ഷണത്തിനും ചരിത്ര പഠനത്തിനുമായി വയനാട് പൈതൃക മ്യൂസിയത്തിനു ബീജാവാപം ചെയ്തത്. ഇതിന്റെ പേരിലും അദ്ദേഹം അന്നത്തെ സർക്കാരിന്റെ കണ്ണിലെ കരടായി. അമ്പലവയലിൽ പൈതൃക മ്യൂസിയത്തിനു കെട്ടിടം പണിയുന്നതിനായി എൻആർഇപി ഫണ്ടിൽനിന്നാണ് ഒരു ലക്ഷം രൂപ അനുവദിച്ചത്. എൻആർഇപി ഫണ്ട് വകമാറ്റി ചെലവഴിച്ചതിനു അന്നത്തെ സാംസ്കാരിക മന്ത്രി ടി.കെ. രാമകൃഷ്ണൻ കളക്ടറെ ഓഫീസിൽ വിളിച്ചുവരുത്തി വിരട്ടുകയുണ്ടായി. ജില്ലയുടെ പൊതു താത്പര്യങ്ങളുടെ പേരിൽ ഇടതും വലതും സർക്കാരുകളുടെ ഭർത്സനം അദ്ദേഹത്തിനു കേൾക്കേണ്ടിവന്നിട്ടുണ്ട്. ചേകാടി ഗ്രാമത്തിലേക്ക് ആദിവാസി ക്ഷേമം അന്വേഷിച്ചുള്ള യാത്രക്കിടെ പുൽപ്പള്ളിയിൽനിന്നുള്ള കാനന പാതയിൽ കാട്ടാനയുടെ മുമ്പിൽപ്പെട്ട രവീന്ദ്രൻ തമ്പിയും സംഘവും തലനാരിഴയ്ക്ക് രക്ഷപെട്ട സംഭവവും വയനാട്ടുകാരിൽ പലരും ഇന്നും മറന്നിട്ടില്ല.

വയനാട് പ്രകൃതി സംരക്ഷണ സമിതി ഈയിടെ അമ്പലവയലിൽ നടത്തിയ വയനാട് പൈതൃക സംരക്ഷണ സെമിനാറിൽ പങ്കെടുക്കാനെത്തുമെന്ന് സംഘാടകരെ അറിയിച്ചിരുന്നതാണ്. എന്നാൽ ആരോഗ്യപ്രശ്നങ്ങൾ മൂലം അദ്ദേഹത്തിനു വയനാട് യാത്ര ഒഴിവാക്കേണ്ടിവരികയായിരുന്നു. ഇതിലുള്ള ഖേദം സംഘാടകരെ അറിയിക്കാനും അദ്ദേഹം സന്മനസു കാട്ടി.

| | | | | | | |
|---|---|---|---|---|---|---|
| | | | | | 24-02-2016 | |
| 23015265002508 | 40230 | NADAVAYAL | 28-03-1984 | 27-08-2011 | ROKPT/DTWYD | 4230 |
| | LA265/VBS | 25-10-2008 | 400000.00 | 488720.00 | 25-10-2024 | |
| | Rep Schedule | 156 | 8081.00 | EI-MONTHLY | | 2 |
| | Parties | 405085722 | AMITH V JOY | | | A/C HO |
| | Parties | 405080322 | JOY V A | | | JOINT |
| | Notice | 19-12-2015 | JOY V A | | | GEN LO |
| | Notice | 19-12-2015 | AMITH V JOY | | | GEN LO |
| | Notice | 13-01-2016 | AMITH V JOY | | | GEN LO |
| | Notice | 13-01-2016 | JOY V A | | | GEN LO |
| | Follow Up | 18-02-2016 | JOY V A | PERSONAL | BRANCH | SASEE VP |
| 47615316694510 | 40476 | MANANTHAVADY | 07-11-1980 | 19-07-2014 | ROKPT/DTWYD | 4476 |
| | LA265/VBS | 25-10-2010 | 375000.00 | 454456.00 | 25-10-2022 | |
| | Rep Schedule | 144 | 6924.33 | EI-MONTHLY | | 2 |
| | Parties | 491559910 | MUHAMMED HASHIM | | | A/C HO |
| | Parties | 491546655 | ABDUL AZEES A P | | | GUARA |
| | Parties | 491554171 | ALI K C | | | GUARA |
| | Notice | | | | | N |
| | Follow Up | 18-02-2016 | ABDUL AZEES A P | TELEPHONIC | BRANCH | ALEX P |
| 17015359000315 | 40170 | CHEERAL | 15-12-1979 | 27-08-2011 | ROKPT/DTWYD | 4170 |
| | PVL/PVL | 25-08-2015 | 450000.00 | 442373.00 | 25-08-2020 | |
| | Rep Schedule | 60 | 9784.09 | EI-MONTHLY | | 2 |
| | Parties | 402683518 | RATHEESH K R | | | A/C HO |
| | Parties | 402680107 | RAVI K S | | | GUARA |
| | Notice | | | | | N |
| | Follow Up | 18-02-2016 | RAVI K S | PERSONAL | BRANCH | GARIS |

| | | | | | | |
|---|---|---|---|---|---|---|
| | | | | | 25-02-2016 | |
| 22915265500211 | 40229 | POZHUTHANA | 21-02-1984 | 27-08-2011 | ROKPT/DTWYD | 4229 |
| | LA265/VBS | 26-11-2011 | 373000.00 | 405851.00 | 26-11-2024 | |
| | Rep Schedule | 132 | 5885.00 | EI-MONTHLY | | 2 |
| | Parties | 405050966 | SREEMA P R | | | A/C HO |
| | Parties | 405040307 | RAJAN P | | | JOINT |
| | Notice | 17-12-2015 | RAJAN P | | | GEN LO |
| | Notice | 17-12-2015 | SREEMA P R | | | GEN LO |
| | Notice | 13-01-2016 | SREEMA P R | | | GEN LO |
| | Notice | 13-01-2016 | RAJAN P | | | GEN LO |
| | Follow Up | 19-02-2016 | SREEMA P R | TELEPHONIC | BRANCH | SANDE |
| 14515265001510 | 40145 | KANNOTH | 02-06-1978 | 13-08-2011 | ROKPT/DTKKD | 4145 |
| | LA265/VBS | 26-07-2010 | 250000.00 | 307707.00 | 26-07-2020 | |
| | Rep Schedule | 120 | 5038.00 | EI-MONTHLY | | 2 |
| | Parties | 401691843 | ANOOP M P | | | A/C HO |
| | Parties | 401687712 | PATHROSE M M | | | JOINT |
| | Notice | 19-02-2016 | ANOOP M P | | | GEN LO |
| | Notice | 19-02-2016 | PATHROSE M M | | | GEN LO |
| | Follow Up | | | | | N |

## വൈദ്യുതി മുടക്കം

കൽപ്പറ്റ: 11 കെ.വി.ലൈനിൽ അറ്റകുറ്റപ്പണി നടക്കുന്നതിനാൽ മുട്ടിൽ, മീനങ്ങാടി ഇലക്ട്രിക്കൽ സെക്ഷൻ പരിധികളിൽപെടുന്ന വാഴവറ്റ, പാക്കം, കാരാപ്പുഴ പ്രദേശങ്ങളിൽ ഇന്നും നാളെയും രാവിലെ ഒമ്പത് മുതൽ വൈകീട്ട് 5.30വരെ വൈദ്യുതി മുടങ്ങും.

## മുത്തങ്ങയിൽനിന്ന് 9930 പായ്ക്കറ്റ് പാൻമസാല പിടികൂടി

ബത്തേരി: രണ്ട് വ്യത്യസ്ത റെയ്ഡുകളിലായി മുത്തങ്ങ ചെക്ക് പോസ്റ്റിൽ നിന്ന് 9930 പാക്കറ്റ് നിരോധിത പാൻമസാലകൾ പിടികൂടി. നാലു പേർ കസ്റ്റഡിയിൽ. മൈസൂർ കോഴിക്കോട് റൂട്ടിൽ ഓടുന്ന രാജഹംസം ബസിൽ നിന്നാണ് ഞായറാഴ്ച പുലർച്ചെ 7830 പാക്കറ്റ് നിരോധിത പാൻമസാലകൾ പിടിച്ചത്. ബത്തേരി സ്വദേശികളായ പള്ളിക്കണ്ടി മൂപ്പന്റെപറമ്പത്ത് ഇസഹാക്ക്(38), സഹോദരൻ ഗഫൂർ(36) എന്നിവരാണ് കസ്റ്റഡിയിലുള്ളത്. തിങ്കളാഴ്ച ഉച്ചയ്ക്ക് സ്കോർപ്പിയോയിൽ നിന്നു 2100 പായ്ക്കറ്റ് പാൻമസാലകളും പിടികൂടി. അരീക്കോട് ഉറുങ്ങാട്ടിൽ പാറക്കൽ അബ്ദുൾനാസർ(34), പുല്ലുപറമ്പിൽ ഷബീർ അലി(27) എന്നിവരെ കസ്റ്റഡിയിലെടുത്തു. ബത്തേരി എക്സൈസ് ഇൻസ്പെക്ടർ കെ.സുരേഷിന്റെ നേതൃത്വത്തിൽ പിടികൂടിയ നിരോധിത പാൻമസാലകളും പ്രതികളേയും പോലീസിന് കൈമാറി.

# രവീന്ദ്രൻ തമ്പി വയനാടിന്റെ ആദരവ് ഏറ്റുവാങ്ങിയ ജനകീയ കലക്ടർ

കൽപ്പറ്റ: വയനാടിന്റെ മനസറിഞ്ഞ, ജനകീയനായ കലക്ടറായിരുന്നു ഞായറാഴ്ച തിരുവനന്തപുരത്ത് അന്തരിച്ച ടി. രവീന്ദ്രൻ തമ്പി. രണ്ടു തവണയായി മൂന്ന് വർഷത്തോളം മാത്രമാണ് വയനാട്ടിൽ ജില്ലാ കലക്ടറുടെ പദവിയിൽ ഉണ്ടായിരുന്നതെങ്കിലും വയനാടൻ ജനതയുടെ മനസിൽ സ്ഥാനം നേടാൻ അദ്ദേഹത്തിന് കഴിഞ്ഞു. വയനാടിന്റെ ചരിത്രത്തിൽ ജനങ്ങളിലേക്കിറങ്ങി പ്രവർത്തിച്ച പ്രഥമ കലക്ടറായാണ് പഴമക്കാരിൽ രവീന്ദ്രൻ തമ്പി അറിയപ്പെടുന്നത്. ജനങ്ങൾക്ക് ഏതാവശ്യത്തിനും ഏപ്പോഴും സമീപിക്കാമായിരുന്ന ഉദ്യോഗസ്ഥനായിരുന്നു അദ്ദേഹം. വയനാടിനെയും വയനാട്ടുകാരെയും രവീന്ദ്രൻ തമ്പി അകമഴിഞ്ഞ് സ്നേഹിച്ചിരുന്നു. തിരുവനന്തപുരം മ്യൂസിയം വളപ്പിലെ വീടിനോടുചേർന്നുള്ള ഔട്ട് ഹൗസിന് 'വയനാട്' എന്നാണ് അദ്ദേഹം പേരിട്ടിരുന്നത്.



■.രവീന്ദ്രൻ തമ്പിക്ക് 1987 ഫെബ്രുവരിയിൽ അമ്പലവയലിൽ നൽകിയ യാത്രയയപ്പ് (ഫയൽചിത്രം

സന്ദിഗ്ധഘട്ടങ്ങളിൽ വയനാടിന്റെ പൊതുവായ താത്പര്യങ്ങൾക്കൊത്ത് രവീന്ദ്രൻ തമ്പി ചുവടുവച്ചതാണ് ജില്ലയിലെ അമൂല്യമെന്ന് വിശേഷിപ്പിക്കാവുന്ന പൈതൃകസമ്പത്തായ എടക്കൽ ഗുഹയുടെയും അതിലെ പാറച്ചിത്രങ്ങളുടെയും സംരക്ഷണത്തിനു ഒരളവോളം ഉതകിയത്. അമ്പലവയലിലെ വയനാട് പൈതൃക മ്യൂസിയത്തിന്റെ യഥാർഥ ശിൽപിയും രവീന്ദ്രൻ തമ്പിയാണ്. അമ്പുകുത്തി മലയിൽ കരിങ്കൽ ഖനനം നിരോധിച്ച് എടക്കൽ ഗുഹയുടെ സമ്പൂർണനാശം ഒഴിവാക്കിയതിലൂടെ രവീന്ദ്രൻ തമ്പി എന്ന ചരിത്രസ്നേഹി വയനാടിനും കേരളത്തിനും മാത്രമല്ല, ലോകത്തിനാകെയാണ് വിലമതിക്കാനാകാത്ത സംഭവന നൽകിയത്. സർക്കാരിനെ നിയന്ത്രിക്കുന്ന രാഷ്ട്രീയ നേതാക്കളുടെ താത്പര്യങ്ങളെ അവഗണിച്ച് തീരുമാനമെടുക്കാൻ ജില്ലാ കളക്ടർ എന്ന നിലയിൽ രവീന്ദ്രൻ തമ്പി തന്റേടം കാട്ടിയിരുന്നില്ലെങ്കിൽ എടക്കൽ ഗുഹ എന്നോ കഥാവശേഷമാകുമായിരുന്നു. നിബിഡ വനത്തിലടക്കം ചിതിറക്കിടന്നിരുന്ന, വയനാടിന്റെ ചരിത്ര-സാംസ്കാരിക ശേഷിപ്പുകളാണ് രവീന്ദ്രൻ തമ്പിയുടെയും ചരിത്രകാരൻമാരായ ഡോ. എം.ആർ. രാഘവവാര്യർ, ഡോ. എം.ജി.എസ് നാരായണൻ, ഡോ. രാജൻ ഗുരുക്കൾ, വയനാട് പ്രകൃതി സംരക്ഷണ സമിതി പ്രവർത്തകരായ തോമസ് അമ്പലവയൽ, കെ.പി. അബ്ദുൽ വഹാബ്, എൻ. ബാദുഷ തുടങ്ങിയവരുടെയും ശ്രമഫലമായി പിൽക്കാലത്ത് വയനാട് പൈതൃക മ്യൂസിയത്തിന്റെ ഭാഗമായത്.


1986 മാർച്ചിൽ ജില്ലാ കലക്ടറായി ചുമതലയേറ്റ രവീന്ദ്രൻ തമ്പിക്ക് ഒരു വർഷം തികയുംമുമ്പേ ചുരമിറങ്ങേണ്ടിവന്നു. എടക്കൽ ഗുഹാസംരക്ഷണത്തിനായി അമ്പുകുത്തി മലനിരകളിൽ കരിങ്കൽ ഖനനം നിരോധിച്ചതിൽ ഭരണനേതൃത്വത്തിനുണ്ടായ അതൃപ്തിയാണ് കലക്ടറുടെ സ്ഥലംമാറ്റത്തിൽ കലാശിച്ചത്. രവീന്ദ്രൻ തമ്പി കലക്ടറായിരിക്കെയായിരുന്നു സിവിൽസ്റ്റേഷൻ ശിലാസ്ഥാപനം. കെട്ടിടത്തിനു തറക്കല്ലിടാനെത്തിയ അന്നത്തെ മുഖ്യമന്ത്രി കെ. കരുണാകരൻ ക്വാറി നിരോധനത്തിന്റെ പേരിൽ രവീന്ദ്രൻ തമ്പിയെ പരസ്യമായി ശകാരിച്ചു. ക്വാറി ഉടമകൾ പ്രദേശിക രാഷ്ട്രീയ നേതാക്കളിലൂടെ ചെലുത്തിയ സമ്മർദമായിരുന്നു അതിനു കാരണം. അന്ന് ചടങ്ങിനിടെ നെഞ്ചുവേദന അനുഭവപ്പെട്ട് തളർന്നുവീണ രവീന്ദ്രൻ തമ്പിയെ ആംബുലൻസിലാണ് കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലെത്തിച്ചത്. സർക്കാരിന്റെ സമ്മർദത്തെത്തുടർന്ന് ക്വാറി നിരോധന ഉത്തരവ് പിൻവലിക്കാൻ രവീന്ദ്രൻ തമ്പി നിർബന്ധിതനായി. വൈകാതെ അദ്ദേഹത്തിനു സ്ഥലംമാറ്റവും ലഭിച്ചു.

സ്ഥലംമാറിപ്പോകുന്ന കലക്ടർക്ക് കൽപ്പറ്റ ജിനചന്ദ്ര ഓഡിറ്റോറിയത്തിൽ ജില്ലാ സ്കൂൾ ഗെയിംസ് അസോസിയേഷന്റെ നേതൃത്വത്തിൽ നൽകിയ യാത്രയയപ്പ് വികാരഭരിതമായിരുന്നു. ചടങ്ങിനെത്തിയ ആദിവാസി സ്ത്രീകളിൽ ചിലർ വേദിയിൽ കയറി കലക്ടറുടെ കാൽ തൊട്ടുവന്ദിച്ചത് സദസിലുണ്ടായിരുന്നവരിൽ പലരുടെയും കണ്ണുനിറച്ചു. നിറഞ്ഞ മിഴികളുമായാണ് കലക്ടറും അന്ന് വേദി വിട്ടത്.

1990ൽ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്തായിരുന്നു ജില്ലാ കലക്ടറുടെ കസേരയിൽ രവീന്ദ്രൻ തമ്പിക്ക് രണ്ടാം ഊഴം. അപ്പോഴേക്കും വയനാട്ടിലെ പരിസ്ഥിതി പ്രവർത്തകരുടെയും പ്രൊഫ. എം.ജി.എസ്. നാരായണന്റെ നേതൃത്വത്തിൽ കാലിക്കറ്റ് സർവകലാശാല ചരിത്രവിഭാഗം നടത്തിയ പരിശ്രമങ്ങളുടെയും ഫലമായി പ്രധാനമന്ത്രിയുടെ ഓഫീസ് ഇടപെട്ട് എടക്കൽ ഗുഹാപരിസരത്ത് ഖനനം നിരോധിച്ചിരുന്നു. ജനകീയ വിഷയങ്ങളിൽ മുമ്പത്തേതുപോലെ മുഴുകുന്നതിനിടയിലാണ് രവീന്ദ്രൻ തമ്പി വയനാടിന്റെ ചരിത്ര-സാംസ്കാരിക ശേഷിപ്പുകളുടെ സംരക്ഷണത്തിനും ചരിത്ര പഠനത്തിനുമായി വയനാട് പൈതൃക മ്യൂസിയത്തിനു ബീജാവാപം ചെയ്തത്. ഇതിന്റെ പേരിലും അദ്ദേഹം അന്നത്തെ സർക്കാരിന്റെ കണ്ണിലെ കരടായി. അമ്പലവയലിൽ പൈതൃക മ്യൂസിയത്തിനു കെട്ടിടം പണിയുന്നതിനായി എൻ.ആർ.പി. ഫണ്ടിൽനിന്നാണ് ഒരു ലക്ഷം രൂപ അനുവദിച്ചത്. എൻ.ആർ.പി. ഫണ്ട് വകമാറ്റി ചെലവഴിച്ചതിനു അന്നത്തെ സാംസ്കാരിക മന്ത്രി ടി.കെ. രാമകൃഷ്ണൻ കലക്ടറെ ഓഫീസിൽ വിളിച്ചുവരുത്തി ശാസിച്ചിരുന്നു. ജില്ലയുടെ പൊതു താത്പര്യങ്ങളുടെ പേരിൽ ഇടതും വലതും സർക്കാരുകളുടെ ഭർത്സനം അദ്ദേഹത്തിനു കേൾക്കേണ്ടിവന്നിട്ടുണ്ട്. ചേകാടി ഗ്രാമത്തിലേക്ക് ആദിവാസി ക്ഷേമം അന്വേഷിച്ചുള്ള യാത്രക്കിടെ പുൽപ്പള്ളിയിൽനിന്നുള്ള കാനന പാതയിൽ കാട്ടാനയുടെ മുമ്പിൽപ്പെട്ട രവീന്ദ്രൻ തമ്പിയും സംഘവും തലനാരിഴയ്ക്ക് രക്ഷപെട്ട സംഭവവും വയനാട്ടുകാരിൽ പലരും ഇന്നും മറന്നിട്ടില്ല.

വയനാട് പ്രകൃതി സംരക്ഷണ സമിതി ഈയിടെ അമ്പലവയലിൽ നടത്തിയ വയനാട് പൈതൃക സംരക്ഷണ സെമിനാറിൽ പങ്കെടുക്കാനെത്തുമെന്ന് സംഘാടകരെ അറിയിച്ചിരുന്നതാണ്. എന്നാൽ ആരോഗ്യ പ്രശ്നങ്ങൾ മൂലം അദ്ദേഹത്തിനു വയനാട് യാത്ര ഒഴിവാക്കേണ്ടിവരികയായിരുന്നു. ഇതിലുള്ള ഖേദം സംഘാടകരെ അറിയിക്കാനും അദ്ദേഹം സമനസു കാട്ടിയിരുന്നു.

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1053 | 40190 | PADICHIRA | ROKPT | 19015265000810 | PRAVEEN BABU | 13-04-2010 | 200000 | 153548 | 13105 | 140443 | 12-08-2015 | SSA |
| 1054 | 40190 | PADICHIRA | ROKPT | 19015265000510 | RAHUL RAJ | 15-02-2010 | 375000 | 457055 | 31072 | 425983 | 15-06-2015 | SSA |
| 1055 | 40190 | PADICHIRA | ROKPT | 19015265000210 | RAMACHANDRAN | 01-02-2010 | 31000 | 27979 | 397 | 27582 | 28-07-2015 | SSA |
| 1056 | 40190 | PADICHIRA | ROKPT | 19015265000110 | AMJITH K ANTON | 19-01-2010 | 300000 | 303083 | 32190 | 270893 | 18-06-2015 | SSA |
| 1057 | 40190 | PADICHIRA | ROKPT | 19015265003809 | ABIN JOSE | 05-12-2009 | 200000 | 226493 | 24652 | 201841 | 07-05-2015 | SSA |
| 1058 | 40190 | PADICHIRA | ROKPT | 19015265003409 | VIPIN K VIJAYAN | 20-11-2009 | 29500 | 16798 | 202 | 16596 | 20-07-2015 | SSA |
| 1059 | 40190 | PADICHIRA | ROKPT | 19015265003309 | ANJALI SAJI | 14-11-2009 | 250000 | 303309 | 32606 | 270703 | 16-05-2015 | SSA |
| 1060 | 40190 | PADICHIRA | ROKPT | 19015265003109 | DIVYA K K | 09-11-2009 | 150000 | 182617 | 14734 | 167883 | 09-04-2015 | SSA |
| 1061 | 40190 | PADICHIRA | ROKPT | 19015265003009 | AMRUTHA THOM | 03-11-2009 | 300000 | 321044 | 29655 | 291389 | 05-05-2015 | SSA |
| 1062 | 40190 | PADICHIRA | ROKPT | 19015265002709 | AJEESH CHACKO | 27-10-2009 | 300000 | 370126 | 37864 | 332262 | 28-04-2015 | SSA |
| 1063 | 40190 | PADICHIRA | ROKPT | 19015265002609 | SHIBIN JOSEPH | 26-10-2009 | 330000 | 401504 | 40540 | 360964 | 27-04-2015 | SSA |
| 1064 | 40190 | PADICHIRA | ROKPT | 19015265002509 | MANU K JOSE | 24-10-2009 | 337000 | 497567 | 98427 | 399140 | 31-03-2013 | LA |
| 1065 | 40190 | PADICHIRA | ROKPT | 19015265002409 | VIJESH M VIJAYA | 24-10-2009 | 330000 | 254002 | 37740 | 216262 | 24-04-2015 | SSA |
| 1066 | 40190 | PADICHIRA | ROKPT | 19015265002309 | TINTU THOMAS | 22-10-2009 | 250000 | 318377 | 43497 | 274880 | 25-05-2015 | SSA |
| 1067 | 40190 | PADICHIRA | ROKPT | 19015265002209 | SHYAMILY PHILEN | 20-10-2009 | 24000 | 35303 | 6900 | 28403 | 31-03-2013 | LA |
| 1068 | 40190 | PADICHIRA | ROKPT | 19015265002109 | JOBINS T GEORG | 19-10-2009 | 400000 | 449127 | 16372 | 432755 | 21-05-2015 | SSA |
| 1069 | 40190 | PADICHIRA | ROKPT | 19015265001709 | ANILA RAMACHAI | 12-10-2009 | 150000 | 195698 | 25887 | 169811 | 13-04-2015 | SSA |
| 1070 | 40190 | PADICHIRA | ROKPT | 19015265001609 | RADHIKA KUTTAF | 06-10-2009 | 24000 | 34293 | 6402 | 27891 | 31-03-2013 | LA |
| 1071 | 40190 | PADICHIRA | ROKPT | 19015266001309 | LINEESH THOMAS | 12-09-2009 | 143000 | 171298 | 14706 | 156592 | 11-06-2015 | SSA |
| 1072 | 40190 | PADICHIRA | ROKPT | 19015266001209 | TWINKLE N PHILIF | 07-09-2009 | 200000 | 78225 | 4027 | 74198 | 06-08-2015 | SSA |
| 1073 | 40190 | PADICHIRA | ROKPT | 19015266001109 | RADHIKA P R | 29-08-2009 | 150000 | 127786 | 1 | 127785 | 31-03-2011 | SSA |
| 1074 | 40190 | PADICHIRA | ROKPT | 19015265000909 | AMMU GEORGE | 11-08-2009 | 365000 | 485903 | 72876 | 413027 | 13-04-2015 | SSA |
